20 ജൂലൈ 2018

# ജയോത്സവം ന്യൂസ്

www.jayolsavamnews.com

DATE OF PUBLISHING 20TH July 2018

തിരുവനന്തപുരം
വാർഷിക വരിസംഖ്യ ₹120
Reg.No. KERBIL/2010/31734



## വേൾഡ് പെന്തെക്കോസ്തൽ കൗൺസിൽ (WPC) സംസ്ഥാന കമ്മിറ്റി നിലവിൽ വന്നു


ബ്രദർ ഗ്ലാഡ്സൺ ജേക്കബ്ബ്
ചെയർമാൻ


പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ
പ്രസിഡന്റ്


പാസ്റ്റർ എം. എ. ഫിലിപ്പ്
സെക്രട്ടറി


പാസ്റ്റർ ഡേവിഡ് ശാമുവേൽ
ട്രഷറാർ

വേൾഡ് പെന്തകോസ്റ്റൽ കൗൺസിലിന്റെ പ്രഥമ മീറ്റിംഗ് ജൂലൈ 5ന് എറണാകുളം വൈ. എം. സി. എ. ഹാളിൽ വെച്ചു നടന്നു. ബ്രോ. ഗ്ലാഡ്സൺ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ പാസ്റ്റർ ഷിബു മാത്യു സ്വാഗതം ചെയ്തു പ്രസംഗിച്ചു. പാസ്റ്റർ തോമസ് എം പുളിവേലി ദൈവവചനം ശുശ്രൂഷിക്കുകയും അദ്ധ്യക്ഷപ്രസംഗത്തിൽ ബ്രോ. ഗ്ലാഡ്സൺ ജേക്കബ് വേൾഡ് പെന്തകോസ്റ്റൽ കൗൺസിലിന്റെ പ്രസക്തിയേക്കുറിച്ചും പ്രവർത്തനങ്ങളേക്കുറിച്ചും വിവരിക്കുകയും ചെയ്തു.തുടർന്ന് ഡബ്ലിയു പി സി യുടെ 2018–2020 വർഷത്തേക്കുള്ള കേരള സംസ്ഥാനഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാൻ ബ്രദർ ഗ്ലാഡ്സൺ ജേക്കബ്ബ് കോട്ടയം, പ്രസിഡന്റ്: പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ തിരുവനന്തപുരം, സെക്രട്ടറി: പാസ്റ്റർ എം. എ. ഫിലിപ്പ് എറണാകുളം, ട്രഷറാർ: ബ്രദർ ഡേവിഡ് സാമുവേൽ കൊല്ലം, വൈസ്പ്രസിഡന്റുമാർ: പാസ്റ്റർമാരായ തോമസ് പുള്ളിവേലിൽ പത്തനംതിട്ട, സാം ദാനിയേൽ പാലക്കാട്, ജോൺ ജോസഫ് തൃശൂർ, ഫ്രാൻസിസ് കെ. എസ്. എറണാകുളം, പി.വി. സജി ജോ. സെക്രട്ടറിമാർ: പാസ്റ്റർ സണ്ണി എബ്രഹാം കോട്ടയം, ഡോ. സജൻ സി. ജേക്കബ്ബ് തൃശൂർ സഹോദരന്മാരായ സാമുവേൽ ജോർജ്ജ് എറണാകുളം, ബാബു അടൂർ, ജേക്കബ്ബ് പി.പി. തൃശൂർ, കെ. എസ്. ജോസ് കോട്ടയം. പബ്ലിസിറ്റി& മീഡിയ: ബ്രദർ സണ്ണി കോര കോട്ടയം, പാ. ചാർളി വർഗ്ഗീസ് ആലപ്പുഴ. മൈനോറിറ്റി& ഹ്യൂമൻ റൈറ്റ്സ് ബ്രദർ ബിജോയ് വി.പി പത്തനംതിട്ട, ബ്രദർ ബിജു ഡാനിയേൽ എറണാകുളം. ചാരിറ്റി: പാസ്റ്റർമാരായ തോമസ് കുര്യൻ ആലപ്പുഴ, കോര ജെ. താഴത്ത് കോട്ടയം, ജോർജ്ജ് വർഗ്ഗീസ് കൊല്ലം, പി.എ. എബ്രഹാം കോട്ടയം, ബ്രദർ ബിജു പൗലൊസ് എറണാകുളം, ബ്രദർ ഡൊമിനിക് കെ.എ. എറണാകുളം. പ്രയർ കോർഡിനേറ്റേഴ്സ്: പാസ്റ്റർമാരായ കെ.ജെ പുന്നൂസ് ആലപ്പുഴ, ഡെയിജോ ജോസഫ് തൃശൂർ, ജോയി പെരുമ്പാവൂർ ഇടുക്കി. യൂത്ത് കോർഡിനേറ്റേഴ്സ്: സുവി. മനു ജോസഫ് എറണാകുളം, അഡ്വ. ജോൺലി ജോഷി ഇടുക്കി. കമ്മിറ്റി അംഗങ്ങൾ: പാസ്റ്റർമാരായ ജോർജ്ജ് വർഗ്ഗീസ് ആലപ്പുഴ, സാംകുട്ടി ജോൺ ഇടുക്കി, കെ.പി. ശാമുവേൽ എറണാകുളം, മാത്യു ബെൻസി പത്തനംതിട്ട, ജെയിൻ ഐസക് തൃശൂർ, മാത്യു ബിബെന്നി കോട്ടയം, എക്സ്–ഒഫിഷ്യ അംഗങ്ങൾ: ബ്രദർ അഷ്‌ലി സിംല, പാ. ഷിബു മാത്യു എറണാകുളം, ബ്രദർ റോണി പോത്തൻ പാട്ന, ബ്രദർ ബിനു കാർഡ്സ് എറണാകുളം

## ഒന്നായ് പാടാം യേശുവിനായി പ്രവർത്തക സമിതിക്ക് രൂപമായി


'ഒന്നായ് പാടാം യേശുവിനായി' പ്രവർത്തക സമിതി രൂപീകരണ സമ്മേളനത്തിൽ ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ പ്രഭാഷണം നടത്തുന്നു.

**ജോജി ഐപ്പ് മാത്യൂസ്**

തിരുവല്ല: ആധുനിക പെന്തക്കോസ്തിന്റെ വളർച്ചയിൽ നവതാളം കണ്ടെത്തിയ പഴയ പാട്ടുകളുടെ ദൃശ്യാവിഷ്കാരം ഒരുക്കുന്ന "ഒന്നായ് പാടാം യേശുവിനായി" മെഗാ സംഗീത സമ്മേളനത്തിന്റെ പ്രവർത്തക സമിതിക്ക് രൂപമായി.

2018 ഡിസംബർ 25 ചൊവ്വാഴ്ച്ച (ക്രിസ്മസ് ദിനത്തിൽ) വൈകിട്ട് തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മെഗാ സംഗമത്തിൽ 1000 സംഗീതജ്ഞർ വേദിയിൽ ഉണ്ടാകും. ലക്ഷം ശ്രോതാക്കളെ പ്രതീക്ഷിക്കുന്ന മെഗാ ഇവന്റായിട്ടാണ് ഇതിനെരൂപപ്പെടുത്തുന്നത്.

റവ. ഡോ. കെ.സി. ജോൺ പ്രസിഡന്റായും എൻ.എം. രാജു ചെയർമാനുമായ വിപുലമായ സമിതിയ്ക്കാണ് രൂപം നൽകിയിരിക്കുന്നത്. എല്ലാ സഭകളുടെയും പ്രസിഡന്റുമാരും ഓവർസിയർമാരും രക്ഷാധികാരികളാണ്.

മറ്റ് ഭാരവാഹികൾ: ജനറൽ കൺവീനർ (മ്യൂസിക്) – ഭക്തവത്സലൻ, ജനറൽ കൺവീനർ – റ്റി. എം. മാത്യു, സെക്രട്ടറി – ജോജി ഐപ്പ് മാത്യൂസ്, കൺവീനർമാർ – ബിന്നി മാത്യു, ബിനു വടശേരിക്കര. ജനറൽ കോ–ഓർഡിനേറ്റർ– പാസ്റ്റർ ജെ ജോസഫ്, ജോയിന്റ് കോർഡിനേറ്റർമാർ – കെ. എബ്രഹാം, പാസ്റ്റർ ജോസ് അതുല്യ, പാസ്റ്റർ റോയി പുവക്കാല. ട്രഷറർ – ബിജു വർഗീസ്, പ്രയർ കമ്മിറ്റി – പാസ്റ്റർ ജോൺ മാത്യു, പാസ്റ്റർ എം.കെ കരുണാകരൻ. പബ്ലിസിറ്റി – പാസ്റ്റർ അലക്സ് ജോൺ, മീഡിയ – പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ, റിസപ്ഷൻ – പാസ്റ്റർ സാം പി.ജോസഫ്, അക്കോമൊഡേഷൻ – പാസ്റ്റർ പി. അതിരുപൻ, റിജിലൻസ് – അജി കുളങ്ങര, രജിസ്ട്രേഷൻ – പാസ്റ്റർ പി.എം. സാമുവൽ, പന്തൽ, ലൈറ്റ് & സൗണ്ട് – ബിനു ജോസഫ്, വോളിന്റിയേഴ്സ് – പാസ്റ്റർ ലിജോ കെ. ജോസഫ്, പാസ്റ്റർ സോവി മാത്യു & പി. വൈ.സി., ട്രാൻസ്പോർട്ടേഷൻ – പാസ്റ്റർ ഷിബു കെ മാത്യു, ഫുഡ്– ജോസഫ് പി സൈമൺ, ആരോഗ്യം – ഡോ. ഐസക് സൈമൺ, ലേഡീസ് വോളന്റിയേഴ്സ് – ജിൻസി സാം & പി. ഡബ്ല്യു. സി, ഫൈനാൻസ് – പാസ്റ്റർ കെ.എ. ഉമ്മൻ, പബ്ലിക്ക് റിലേഷൻ – പാസ്റ്റർ ജിജി ചാക്കോ, പ്രമോഷണൽ മീറ്റിങ്ങ് – പാസ്റ്റർ റ്റി.റ്റി. ജേക്കബ്, സി.ഡി പ്രമോഷൻ – ജോഷി സാം മോറിസ്, വിവിധ സബ് കമ്മറ്റികൾക്ക് ജോയിന്റ് കൺവീനർമാരെയും തിരഞ്ഞെടുത്തു.

യോഗത്തിൽ പി.സി.ഐ നാഷണൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ.ജോസഫ് അധ്യക്ഷത വഹിച്ചു. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ, ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ്, എൻ. എം. രാജു, ഭക്തവത്സലൻ, സാംസൺ കോട്ടൂർ, ബിന്നി മാത്യു, ബിനു വടശേരിക്കര, ജോജി ഐപ്പ് മാത്യൂസ്, ജോൺ മാത്യു എന്നിവർ പ്രസംഗിച്ചു.

## പ്രാർത്ഥനയോടും ഉപവാസത്തോടും പി. വൈ. പി. എ. കേരളാ സ്റ്റേറ്റ് പ്രവർത്തന ഉദ്ഘാടനം നടത്തപ്പെട്ടു.



ഐ. പി. സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് പി. വൈ. പി. എ. 2018 – 2021 കാലയളവിലെ പ്രവർത്തന ഉദ്ഘാടനം നിർവ്വഹിക്കുന്നു

കുമ്പനാട്: ഐ. പി. സി. കേരളാ സ്റ്റേറ്റ് പി. വൈ. പി. എ. 2018–2021 കാലയളവിലെ പ്രവർത്തനഉദ്ഘാടനം തികഞ്ഞ അച്ചടക്കത്തോടും ആത്മീയ ദർശനത്തോടും ആരംഭിക്കുവാൻ ഇടയായി. കൊട്ടാരക്കര കേരളാ തിയോളജിക്കൽ സെമിനാരിയിൽ ജൂൺ 23 ന് നടന്ന സമർപ്പണ ശുശ്രൂഷയിലും പ്രവർത്തനപദ്ധതികളുടെ ഉത്ഘാടന സമ്മേളനത്തിലും ആയൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗ്ഗീസ് മത്തായി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഐ. പി. സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പി. വൈ. പി. എ. 2018–2021 കാലയളവിലെ പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ ഫിലിപ്പ് പി തോമസ് മുഖസന്ദേശം നൽകി. കൊട്ടാരക്കര മേഖലാ പ്രസിഡന്റ് ബഞ്ചമിൻ വർഗ്ഗീസ്സ് അനുഗ്രഹ പ്രാർത്ഥനനടത്തി. തുടർന്ന് സംസ്ഥാനപി. വൈ. പി. എയുടെ പ്രവർത്തനവർഷത്തെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നടത്തപ്പെട്ടു. ആഗസ്റ്റ് മാസം നടത്തുവാൻ ഉദ്ദേശിക്കുന്ന വിശക്കുന്നവർക്ക് ഒരു നേരത്തെ ആഹാരം കൊടുക്കുന്നതിന്റെ ഭാഗമായി പൊതിച്ചോറ് നൽകുക എന്ന കാരുണ്യ പദ്ധതി, ഓക്ടോബർ മാസം കന്യാകുമാരി മുതൽ കാസർഗോഡ് വരെ നടത്തുന്ന കേരളാ സുവിശേഷ യാത്ര, സിവിൽ സർവ്വീസ് പഠനത്തിന് താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്കുള്ള ബ്രദർ ജോർജ്ജ് മത്തായി സി.പി.എ. നൽകിയ 10 ലക്ഷം രൂപയുടെ വിദ്യാഭ്യാസ സഹായ പദ്ധതി, യുവജനകാഹളത്തിന്റെ പ്രകാശനവും ആദ്യ സബ്സ്ക്രിപ്ഷൻ, പ്രവർത്തന ഫണ്ടിന്റെ ഉദ്ഘാടനം, പി. വൈ. പി. എ. പുറത്തിറക്കുന്ന ലഘുലഖേയുടെ പ്രകാശനം എന്നിവ നടത്തപ്പെട്ടു. അതോടൊപ്പം പി. വൈ.പി.എ. മുൻ എക്സിക്യൂട്ടിവിസിനെആദരിച്ചു. ബ്രദർ മോനി കരിക്കം, പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, മേജർ വി. വൈ ലൂക്ക്, സിസ്റ്റർ സ്റ്റർലാ ലൂക്ക്, ഡോ. കുഞ്ഞപ്പൻ സി. വർഗ്ഗീസ്സ്, ബ്രദർ പി. വി. കുട്ടപ്പൻ, ബ്രദർ പി. എം. ഫിലിപ്പ്, ഫിന്നി പി. മാത്യു, ജി കുഞ്ഞച്ചൻ, ബ്ലസ്സൻ അടൂർ എന്നിവർ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. കൂടാതെ പെന്തെക്കോസ്ത് സമൂഹത്തിന് ഈയിടെ ഉണ്ടായ പ്രയാസത്തിൽ മുഖ്യമന്ത്രിയുടെ ഇടപെടൽ കൈക്കൊണ്ട ബ്രദർ റിബിനെആദരിച്ചു. പുതിയ ഭരണ സമിതി അംഗങ്ങളെ ബ്രദർ അജി കല്ലിങ്കൽ സദസ്സിന് പരിചയപ്പെടുത്തി. സംസ്ഥാനപി. വൈ. പി. എ. ഭാരവാഹികളായ ഇവാ. അജു അലക്സ്, പാസ്റ്റർ സാബു ആര്യപ്പള്ളി, ഇവാ. ബെറിൽ ബി തോമസ്, ഇവാ. ഷിബിൻ ജി. സാമുവേൽ പാസ്റ്റർ ഷിബു എൽദോസ്, ബ്രദർ സന്തോഷ് എം. പീറ്റർ, ബ്രദർ വെസ്ലി പി. എബ്രഹാം, പാസ്റ്റർ തോമസ് ജോർജ്ജ് കട്ടപ്പനഎന്നിവർ നേതൃത്വം നൽകി.



എഡിറ്റോറിയൽ

പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

# സഭയിലെ ചത്ത ഈച്ച

ഈ നാളുകളിൽ സമൂഹ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ക്രിസ്ത്യാനിത്വത്തിന്റെ തലകുനിപ്പിഥുന്നവയാണ്. ഒരു ക്രിസ്ത്യാനിയിൽ നിന്ന് അതിലുപരി ഒരു പുരോഹിതനിൽനിന്നും ലോകം പ്രതീക്ഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വാർത്തകളാണ് ഇന്ന് നമ്മുടെ കാതിൽ കേൾക്കുന്നത്. പള്ളിയങ്കണത്തിൽ നിന്ന് ഒരു കാലത്ത് നാം കേട്ടിരുന്നത് സമാധനത്തിന്റെ മണിനാദവും കുന്തിരുക്കത്തിന്റെ സൗരഭ്യവുമാണ്. എന്നാൽ ഈ കാലത്ത് തികച്ചും വ്യത്യസ്തമായി ചീഞ്ഞു നാറുന്ന കാമ വൃത്തിയുടെ ദുർഗന്ധമാണ് പുറത്തു വരുന്നത്.

നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞു "എനിക്ക് ക്രിസ്തുവിനെ ഇഷ്ടമാണ് എന്നാൽ ക്രിസ്ത്യാനിയെ വെറുക്കുന്നു" കാരണം ക്രിസ്തുവിന്റെ ജീവിതവും തന്റെ പഠിപ്പിക്കലുകളും ഒരുപോലെ സാമ്യമുള്ളതായിരുന്നു അതുകൊണ്ടാണ് ഗാന്ധിജി പറഞ്ഞത് "എന്റെ ജീവിതമാണ് എന്റെ സന്ദേശം" നാം എന്ത് പഠിപ്പിഥുന്നുവോ അതായിരിക്കേണം നമ്മുടെ ജീവിതം. ക്രിസ്തുവിനെ ബഹുമാനിക്കുന്നവർ ഒരു കാലത്ത് പുരോഹിതന്മാരെയും കന്യാസ്ത്രീകളെ ഒക്കെ ദൈവതുല്ല്യമായി കണ്ട് ബഹുമാനിച്ചിരുന്നു. അവരുടെ സാന്നിദ്ധ്യത്തിൽ ഇരിപ്പിടങ്ങളിൽ ഇരിക്കുകപോലും ഇല്ലാതിരുന്ന ഒരു കാലം വിസ്മരിക്കുവാൻ സാധ്യമല്ല. എന്നാൽ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളെ കാറ്റിൽ പറത്തി ജീവിതവും പ്രസംഗവും തമ്മിൽ ഒരു ബന്ധവും ഇല്ലാതെ വന്നപ്പോൾ ഇവരെ ജനം കാണുന്നത് പോലും പുച്ഛത്തോടെയാണ്. കത്തോലിക്കാ, യാക്കോബായ സഭകളോടുള്ള വിശ്വാസം പോലും വിശ്വാസികൾക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്.

ചത്ത ഈച്ച തൈലക്കാരന്റെ തൈലം മുഴുവൻ നാറുമാറാക്കും എന്ന് എഴുതിയിരിക്കുന്നതുപോലെ ഇത്തരം മോശമായ കാര്യങ്ങളിൽ ഇടപെടുന്നവർ ഒരു ശതമാനം ആൾക്കാർമാത്രമാണ്. ഞാൻ ഇതെഴുതുന്നത് ഒരു സമൂഹത്തെ മുഴുവൻ അടച്ചാക്ഷേപിക്കാൻ വേണ്ടിയല്ല. പ്രത്യുത ഈ സഭകളിലെല്ലാം നല്ലവരായ പുരോഹിതന്മാർ വളരെയാണ്. അവരെ വിസ്മിരിക്കുന്നില്ല അവരെ ബഹുമാനിച്ച് കൊണ്ട് എഴുതട്ടെ. ഈ പറയപ്പെട്ട ഒരു ശതമാനം അച്ഛൻമാർ സഭയെ അപമാനപ്പെടുത്തിയിരിക്കുന്നു.

ദൈവസഭയുടെ പരിപാവനത അക്രൈസ്തവരുടെ ഇടയിൽ ദുഷിപ്പിച്ചത് നാം തന്നെയാണ്. ക്രിസ്ത്യാനികളോടുള്ള ലോകത്തിന്റെ വിശ്വാസ്യത ഇന്ന് എത്രമാത്രമുണ്ടെന്ന് അളന്ന് നോക്കേണ്ടിയിരിക്കുന്നു. ഞാൻ പറഞ്ഞ് കേട്ടിട്ടുണ്ട് ഒരു കോടതിയിൽ കേസിനെ ആസ്പദമാക്കി സാക്ഷികളെ വിസ്തരിക്കുമ്പോൾ സാക്ഷികളുടെ കൂട്ടത്തിൽ ഒരു പെന്തെക്കൊസ്തുകാരൻ ഉണ്ടെങ്കിൽ അവൻ പറയുന്ന സാക്ഷ്യത്തെ മുഖവിലക്കെടുത്ത് വിധി പ്രഖ്യാപിക്കുമായിരുന്നു. കാരണം പെന്തെക്കൊസ്തുകാരൻ കള്ളം പറയത്തില്ലെന്ന് കോടതിപോലും വിശ്വസിച്ചിരുന്നു. ക്രിസ്ത്യാനികളെകുറിച്ചുണ്ടായിരുന്ന ഈ നല്ല സാക്ഷ്യമാണ് പല സമുദായങ്ങളിൽ നിന്നും ജാതികളിൽ നിന്നും ആയിരങ്ങൾ ക്രിസ്ത്യാനിത്വം സ്വീകരിച്ചത്. എന്നാൽ സമൂഹമാധ്യമങ്ങളിൽ ഈ കാലത്ത് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ കത്തോലിക്ക, യാക്കോബായ എന്നു മാത്രമല്ല പെന്തെക്കൊസ്തിന്റെ തന്നെ മഹത്വം നഷ്ടപ്പെടുത്തിയിരിക്കുന്നു.

ഈ മഹത്വം പൊയ്പോയതിന്റെ കാരണം നാം തന്നെയാണ്. ഈ പരാജയം തിരിച്ചറിഞ്ഞ് മടങ്ങിവരാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. സഭകളിലെ നാറുന്ന വിഷയങ്ങൾ സമൂഹമാധ്യമങ്ങളിൽ പരസ്യപ്പെടുത്തി ദൈവനാമം ദുഷിപ്പിക്കുന്നവരും ഇതിന് വിലകൊടുക്കേണ്ടി വരും, നോഹ നഗ്നനായി കിടന്നുവെന്നുള്ളത് സത്യമാണ്, എന്നാൽ അത് കണ്ടിട്ട് ആ നഗ്നത മറക്കാതെ പുറത്ത് വന്ന് പുരമുകളിൽ കൊട്ടിഘോഷിച്ച ഹാം ശപിക്കപ്പെടാൻ ഇടയായി. ഈ തെറ്റുകൾ ചെയ്യുന്നവനെയും ഇത് പുരമുഥളിൽ ഘോഷിഥുന്നവനെയും ദൈവം വെറുതെ വിടും എന്ന് കരുതേണ്ട.

ക്രിസ്തുവിന്റെ സ്വരൂപങ്ങളായി ദൈവീക സ്വഭാവങ്ങളെ പ്രതിഫലിപ്പിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ ദൗത്യം മറക്കരുത്. വിശുദ്ധ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നത്പോലെ "യേശുക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ". നമ്മുടെ പ്രസംഗവും ജീവിതവും ഒന്നായിരിക്കട്ടെ. എങ്കിൽ മാത്രമേ ഭാരതം ക്രിസ്തുവിനായി നേടാൻ സാധിക്കൂ. അങ്ങനെ വേദപുസ്തക അടിസ്ഥാനത്തിൽ ജീവിക്കാൻ കഴിയാത്ത പുരോഹിതന്മാരും പാസ്റ്റർമാരും ഈ പണി നിർത്തിയിട്ട് മറ്റേതെങ്കിലും പണിഥ് പോഥുന്നതാണ് നല്ലത് അങ്ങനെയെങ്കിലും ദൈവ നാമം ദുഷിക്കപ്പെടാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

## സ്വവർഗ്ഗരതി അനുവദനീയമോ?

പേജ് 3ന്റെ തുർച്ച...

ഇന്ത്യൻ സുപ്രീം കോടതി CII. XVI Section 371 പീനൽ കോഡ് പ്രകൃതി വിരുദ്ധമായ ലൈംഗികതയ്ക്കുള്ള നടപടി വിവരിക്കുന്നു

ദൈവവചനവീക്ഷണത്തിൽ സ്വവർഗ്ഗഭോഗം

ദൈവവചനം ഇതിനെ വളരെ വ്യക്തമായി മറുപടി നൽകുന്നു. സ്വവർഗ്ഗഭോഗം ദൈവവചനത്തിൽ ആദി മുതലേ ദൈവീകകല്പനയിക്കും പദ്ധതിയ്ക്കും വിരുദ്ധമായി കാണുന്നു. ദൈവകല്പനയിൽ ലൈംഗികത അവ നിയമപരമായ ബന്ധത്തിൽ ഉളവാകുന്നതായിരിക്കണം.

സ്വവർഗ്ഗരതിയ്ക്ക് എതിരായ ദൈവീക ന്യായവിധി ഇതിന് തെളിവാണ്. ഉല്പ. 18: 20–21 ഉദാഹരണമായി സോദോമും ഗോമോറയും എല്ലാ കാലഘട്ടത്തിലെ മനുഷ്യർഥും ഒരു സുചനയായി ഇന്നും നിലനിൽക്കുന്നു. അത് (2പത്രൊ. 2: 4–10) പത്രൊസിന്റെ ലേഖനത്തിൽ എടുത്ത് പറയപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ കോപം സകല ഭക്തിയ്ക്കും അനീതിയ്ക്കും എതിരെ കടന്ന് വരുന്നു. (റോമർ 1: 18–32) പൗലൊസ് സ്വവർഗ്ഗഭോഗത്തെ ദൈവീക ദാനത്തിനെതിരായ ദുഷ്പ്രവൃത്തിയെന്ന് പറയുന്നു. (റോമർ 1: 6–10) സ്വവർഗ്ഗഭോഗികൾ ഒരു നാളും സ്വവർഗ്ഗരാജ്യം അവകാശമാഥുകയില്ല. (1കൊരി. 6: 9,10) ഇങ്ങനെയുള്ളവരുടെ പാപക്ഷമ വചനത്തിൽ വെളിപ്പെടുത്തുന്നു.

സഭ സ്വവർഗ്ഗഭോഗത്തിനെതിരായ ദൈവവചനപ്രകാരമുള്ള നടപടികൾ എടുക്കണം. ദൈവവചനപ്രകാരം ഇത് തെറ്റായ ഒരു നടപടിയാണ്. സ്വവർഗ്ഗഭോഗത്തെ പാപങ്ങൾക്കെതിരായ സഭ സന്ദേശങ്ങൾ നൽകുകയും അങ്ങനെയുള്ളവരെ ദൈവത്തിലേക്ക് മടങ്ങിവരുവാൻ സഹായിക്കണം.

സ്വവർഗ്ഗരതിയുടെ സമകാലീനസമൂഹത്തിലെ സ്വാധീനം

ഇരുപതാം നൂറ്റാണ്ടിലെ സ്വവർഗ്ഗരതി മുഖാന്തരം എയ്ഡ്സ് രോഗം ലോകത്തിലെങ്ങും വ്യാപിച്ചു മാത്രമല്ല സാമൂഹിക ധാർമ്മികതയുടെ പവിത്രത കളങ്കപ്പെട്ടു. ദൈവവചനത്തിന്റെ സത്യങ്ങൾ ഹനിക്കപ്പെട്ടു.

സാധാരണയായി ലൈംഗികമായ ധാർമ്മികതയ്ക്കാധാരം വിവാഹമാണ്. ആദാമിന്റെ കാലഘട്ടത്ത് വിവാഹം സ്ത്രീയും പുരുഷനും തമ്മിലാണ് നടന്നിരുന്നത്. ഒരേ ലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള ലൈംഗികത യോഗ്യമല്ല. എന്നാൽ ചില രാജ്യങ്ങളിൽ സ്വവർഗ്ഗ വിവാഹം അനുവദിക്കുന്നു. ഇത് ഒരിക്കലും ന്യായികരിക്കുവാൻ കഴിയുന്ന വസ്തുതയല്ല. കാരണം വിവാഹവും ലൈഗിംകതയും രണ്ട് ഒന്നാക്കി തീർക്കുന്നു. സ്വവർഗ്ഗ ഭോഗികളിൽ സ്ത്രീകൾ പുരുഷലിംഗത്തിന് പകരമായി സ്വയംഭോഗം ചെയ്യുന്നു ഇത് ചെയ്യുന്നതിലൂടെ ഒരു പരിപൂർണ്ണത ഉണ്ടാകുന്നില്ല. ലൈംഗിക അനുഭൂതി മാത്രമാണ് ലഭിക്കുന്നത്. ഇതിനായി അവർ വായും ഗുഹ്യഭാഗവും ലൈംഗികതയ്ക്കായി ഉപയോഗിക്കുന്നു. ഇവ രണ്ടും ലൈംഗികതയ്ക്കുള്ള അവയവമല്ല. ഇത് മുഖാന്തിരം പലതരത്തിലുള്ള രോഗങ്ങൾ ഉണ്ടാകുകയും അത് വ്യപിക്കുകയും ചില പ്പോൾ മരണം വരിക്കുകയും ചെയ്യുന്നു. വിശുദ്ധ ബൈബിൾ പറയുന്നത് നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ, ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ വിശുദ്ധ മന്ദിരമല്ലോ നിങ്ങളും അങ്ങനെതന്നെ (1 കൊരിന്ത്യർ 3: 16–17). പൗലൊസ് പറയുന്നത് സ്വവർഗ്ഗക്കാർ ഒരിക്കലും ദൈവരാജ്യം അവകാശമാക്കയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെ തന്നെ വഞ്ചിക്കാതിരിക്കുവിൻ, ദുർനടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 6: 9–10). അപ്പോസ്തലനായ യോഹന്നാനും പ്രസ്തുത കാര്യം വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഭീരുക്കൾ, അവിശ്വസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക് പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന തീപ്പൊയ്കയത്രേ വെളി. 21.8. ബൈബിൾ ശക്തമായി എതിർക്കുന്ന പാപമാണ് സ്വവർഗ്ഗരതി. എന്നാൽ ഇന്ന് ഒരു പാപമല്ലാതായിട്ടാണ് പലരും കാണുന്നത്. സംസ്ക്കാരത്തിന്റെ ഭാഗമായും ആളുകൾ കാണുന്നുണ്ട്. വിദേശരാജ്യങ്ങളിൽ ഇതിന് യാതൊരു തടസ്സമോ, എതിർപ്പോ ഇല്ല. എന്നാൽ ഇന്ത്യയിൽ ഇത് ഒരു സാമൂഹിക തിന്മയായിട്ടാണ് കാണുന്നത്. അത്കൊണ്ട് ദൈവും മനുഷ്യരും ഒരുപോലെ വെറുക്കുന്ന ഒന്നാണ് സ്വവർഗ്ഗരതി.


JAYOLSAVAM NEWS

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

മാനേജിംഗ് എഡിറ്റേഴ് സ്
ജോജി ഐപ്പ് മാത്യൂസ്
സിസ്റ്റർ ലിസാ ദാനിയേൽ

മാനേജർ
ജയ്സൺ സോളമൻ

അസ്സോ. എഡിറ്റർ
സുവി. അജികുമാർ കാട്ടാക്കട
ബ്രദർ സന്തോഷ് റ്റി. പട്ടം

ജനറൽ എഡിറ്റേഴ്സ്
സജി മത്തായി കാതേട്ട്
പാസ്റ്റർ ജിജി ചാക്കോ
സുവി. എബിൻ ഇ. എസ്.

ഓവർസീസ് എഡിറ്റർ
പാസ്റ്റർ ബിനു ജേക്കബ്ബ്



### ജയോത്സവം മാസിക വരി സംഖ്യ

| | | |
|---|---|---|
| ഇന്ത്യയിൽ ഒരു വർഷത്തേക്ക് | – | 120 രൂപ |
| യു. എസ്. എ. ഒരു വർഷം | – | 50 ഡോളർ |
| ഗൾഫ് ഒരു വർഷം | – | 2000 രൂപ |
| യു. കെ ഒരു വർഷം | – | 20 പൗണ്ട് |

### ജയോത്സവം പരസ്യനിരക്ക്

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| 2 Page | 26000 | 14000 |
| 1 Page | 13000 | 7000 |
| 1/2 Page | 6500 | 3500 |
| 1/4 Page | 3250 | 2000 |
| 10cm x 3 Colum | 1500 | 1000 |
| 5cmx 1 colum | 750 | 500 |

ലേഖനം

# സ്വവർഗ്ഗരതി അനുവദനീയമോ?



റവ. എഡിസൺ തോമസ്
വേങ്ങൂർ

ഇന്നു കോടതികളിലും കോളജ് ക്യാമ്പസുകളിലും മാധ്യമങ്ങളിലും സഭകളിലും ചർച്ചചെയ്യപ്പെടുന്ന സാമൂഹിക ധാർമ്മിക പ്രശ്നങ്ങളിൽ ഒന്നാണ് സ്വവർഗ്ഗരതി. ഒരു കാലത്ത് ഇന്ത്യയെപ്പോലുളള ഒരു രാജ്യത്ത് ഇതിനെ തിന്മയായും മോശമായും കണ്ടിരുന്നിടത്ത് ഇന്നു ഇതിനെഅനുകൂലിച്ചും എതിർക്കാതെ സമൂഹം അംഗീകരിച്ചുവരുന്നു. എന്നാൽ ദൈവത്തിന്റെയും മനുഷ്യന്റെ മനഃസാക്ഷിയുടെയും മുമ്പാകെ തെറ്റാകുന്ന എന്ന് സമർത്ഥിക്കുവാൻ ശ്രമിക്കുകയാണ് ഈ ലേഖകൻ

മനുഷ്യൻ ഒരു ലൈംഗിക ജീവിയാണ്. ലിംഗം എന്നത് മനുഷ്യനിൽ നിന്ന് വേപെടുത്തുവാൻ കഴിയാത്ത ഒന്നാണ്. എന്നിരുന്നാലും ലിംഗവും ലൈംഗികതയും എപ്പോഴും കുടുംബത്തിൽ രഹസ്യമായിരിക്കുവാൻ ആഗ്രഹിക്കുന്നു എന്നാണ്. എന്നാൽ ഈ കാലഘട്ടത്തിൽ ലിഗവും ലൈംഗികതയും ഇപ്പോൾ ഒരു വ്യാപരമാധ്യമമായി മാറിക്കൊണ്ടിരിക്കുന്നു. ലൈംഗികതയുടെ അതിര് കടക്കുകയും നിയമപരമായി ലൈംഗികത സ്വവർഗ്ഗഭോഗമായി അധഃപതിച്ചുക്കൊണ്ടിരിക്കുന്നു. ദൈവവചനപരമായി സ്വർഗ്ഗരതി പാപമാണ്, ഇത് ദൈവീക നിയമത്തിന്റെ ലംഘനമാണ്. എന്തെന്നാൽ ദൈവം നമ്മിൽ വിശുദ്ധി ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ നാമും വിശുദ്ധരായിരിക്കുന്നു.

**ശബ്ദോൽപ്പത്തി ശാസ്ത്രം**

സ്വവർഗ്ഗ ഭോഗം എന്ന പദം കടന്ന് വന്നത് രണ്ട് പദങ്ങളിൽ നിന്നാണ്. Homo Sexuality "ലൈഗിംകത" മറ്റൊരു വാക്യത്തിൽ പറഞ്ഞാൽ സ്വവർഗ്ഗ ഭോഗം ഒരേ ലിംഗത്തിൽപ്പെട്ടവരോടുളള നിർബന്ധപൂർവ്വമായ കാമവികാരമാണ്. മാത്രമല്ല ഇതിൽ പ്രകൃതിവിരുദ്ധമായ ലൈംഗിക ബന്ധവും സ്വയംഭോഗവും ഈ സ്വവർഗ്ഗ രതിയിൽപ്പെട്ടവയാണ്. സ്ത്രീകളിൽ കാണുന്ന സ്വവർഗ്ഗ ഭോഗം ലെസ്ബിയൻ എന്ന് പറയപ്പെടുന്നു. കുട്ടികളിലും യുവാഫളിലും കാണുന്ന സ്വവർഗ്ഗ ലൈംഗികത അഭിനിവേശത്തെ ബടോഫിയ എന്നു പറയുന്നു.

**സ്വർഗ്ഗഭോഗത്തിന്റെ ചരിത്രം**

സ്വവർഗ്ഗഭോഗം പല ചരിത്രങ്ങളിലും സംസ്ക്കാരങ്ങളിലും കാണാറുണ്ട്. പഴയ പേരുകൾക്ക് പകരമായി പുതിയ പേരുകളിൽ അവ അറിയപ്പെടുന്നു. അവ ബൾഗേറിയ, സോദോമി എന്നീ പേരുകളിൽ അവ അറിയപ്പെടുന്നു. ദൈവശാസ്ത്രപരമായി ദേവദാസി സമ്പ്രദായത്തെ ഈ കാലഘട്ടത്തിൽ സ്വവർഗ്ഗഭോഗമായി അറിയപ്പെടുന്നു. സ്വവർഗ്ഗരതി ഒരു പുതിയ പ്രശ്നമാണ്. എങ്കിലും പുരാതനകാലഘട്ടത്തിൽ അവയ്ക്ക് തെളിവുകളുണ്ട്. ഹിബ്രു തോറയിൽ സ്വവർഗ്ഗരതിയ്ക്ക് എതിരായ നിയമങ്ങൾ നൽകപ്പെടുന്നുണ്ട്. ക്രിസ്തു, ഇസ്ലാം. ജൂത മതങ്ങൾ ഇതിനെപാപമായി വിവർത്തിക്കുന്നു.

**വിവിധതരത്തിലുളള സ്വവർഗ്ഗ ഭോഗം**

സ്വവർഗ്ഗഭോഗത്തെ രണ്ടായി തരം തിരിച്ചിരിക്കുന്നു. ഒന്നാമത്തേത് ഭരണഘടനപരമായ സ്വവർഗ്ഗഭോഗം. രണ്ടാമത്തേത് സഹചര്യപരമായ സ്വവർഗ്ഗ ഭോഗം

കാരണങ്ങൾ

സ്വവർഗ്ഗഭോഗത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നത് അസാധ്യകരമായ കാര്യമാണ്.

ബന്ധങ്ങൾ

ബാല്യകാലങ്ങളിലെ ബന്ധങ്ങളിലുണ്ടായ പാളിച്ചകളാണ് വേണ്ടവിധത്തിലുളള കരുതലുകളോ പരിഗണനകളോ ലഭിക്കാത്തത് അവരെ ഒരു ഏകാന്തതയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നു. ഇത് നൽകിയത് ഫ്രാങ്ക് വെർത്തൽ ആണ്

**ലൈംഗികത ഒരു മൂല്യമോ?**

നന്മ, തിന്മ എന്നീ ദ്വന്ദങ്ങളുടെ വെളിച്ചത്തിൽ ആണ് ധാർമ്മികതയിൽ സ്വാഭാവികമായ മൂല്യവിചാരം നടക്കുന്നത്. ഒരു പ്രവൃത്തിയുടെമേൽ മൂല്യവിചാരം നടക്കണമെങ്കിൽ അതിൽ വ്യക്തിയുടെ തീരുമാനവും പൂർണ്ണമായ അറിവും ഉണ്ടായിരിക്കണം എന്നത് അടിസ്ഥാനധാർമ്മികതത്വമാണ്. വിശക്കുക, ദാഹിക്കുക, മുതലായ ശാരീരിക പ്രക്രിയകൾ ഒന്നും ധാർമ്മിക വിചാരത്തിൽ നേരിട്ട് വരുന്നില്ല. അവ പ്രകൃതിയുടെ സ്വാഭാവിക രീതികളാണ്. ലൈംഗികതയെക്കുറിച്ചുളള സംസാരത്തിലും ഈ തത്വം ബാധകമാണ്. മനുഷ്യനിലെ സ്വാഭാവിക പ്രവണത എന്ന നിലയിൽ ലൈംഗികത നന്മയോ തിന്മയോ അല്ല.

ഭിന്നലൈംഗികത ധാർമ്മികത സംസാരിക്കേണ്ട കാലത്തിലേക്ക് ലോകം നീങ്ങികൊണ്ടിരിക്കുകയാണ്. യാഥാർത്ഥ്യമായതിനെനിഷേധിച്ച് ഇല്ലായ്മ ചെയ്യാം എന്ന് വിചാരിക്കുന്ന കാലത്തിൽ നിന്ന് യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് അതിനെഎങ്ങനെ മൂല്യവത്താക്കാം എന്ന് ചിന്തിക്കുന്ന ഒരു ധാർമ്മിക ചിന്ത ക്രിസ്തീയ ധാർമ്മികതയിൽ ശക്തിപ്പെടുന്നുണ്ട്. ഈ പുരോഗനാത്മക ധാർമ്മികവിചാരം മദ്ധ്യകാലഘട്ടത്തിൽ കൊളാസ്റ്റിക് ദൈവശാസ്ത്രത്തെ വിമർശനാത്മകമായി അപഗ്രഥിക്കുന്നു.

**സ്നേഹം നിയമമാക്കുന്ന ഭിന്ന ലൈംഗികത**

ലൈംഗികതയെ ഒരു ശാരീരിക പ്രവൃത്തിമാത്രമായി കാണുന്ന ഭൗതികവാദപരമായ ഒരു ചിന്തഗതി ശക്തമായി രൂപപ്പെടുന്ന കാലത്താണ് നാം ലൈംഗികത അളക്കപ്പെടുന്നത്. സുഖം എന്നത് ഏകമാനദണ്ഡത്തിൽ ആയിമാറികൊണ്ടിരിക്കുന്നു. അതിനെനിഷേധിക്കാനാവുന്നില്ല. ലൈംഗികതയെ ഒരു പോസിറ്റീവ് അനുഭവവും വിനോദാത്മമകവും ആകുന്നതിനാൽ അത് പ്രധാന സ്ഥാനം വഹിക്കുന്നു. എന്നാൽ ലൈംഗികതയ്ക്ക് സുഖാത്മക പ്രത്യുൽപ്പദനങ്ങൾക്ക് അപ്പുറം പങ്കാളികളിലെ സ്നേഹ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന ഒരു അടിസ്ഥാനതലമുളളത് പലപ്പോഴും വിസ്മരിക്കപ്പെട്ടുപോകുന്നു.

**ശാരീരികമായ കാര്യങ്ങൾ**

പുരുഷ സ്വവർഗ്ഗഭോഗികളിൽ അധികമായി രോഗങ്ങൾ കടന്ന് വന്ന് കൊണ്ടിരിക്കുന്നു. എയ്ഡ്സ്, ഹൈപ്പറ്റെറ്റിവ് എ യും ബി യും മാത്രമല്ല മാനസിക പ്രശ്നങ്ങളും ഉണ്ടാകുന്നു.

**സാമൂഹികപരമായ കാരണങ്ങൾ**

ഒരു വ്യക്തിയുടെ ലൈംഗിക ജീവിതം സമൂഹം വളരെയധികം സ്വധീനം ചെലുത്തുന്നുണ്ട്.

സ്വവർഗ്ഗരതിയുടെ പരിണിത ഫലങ്ങൾ

1) അപകർഷത ബോധം
2) നിയമപരമായി ലൈംഗികതയോട് വിരക്തിയുണ്ടാകുക
3) ലൈംഗിക രോഗങ്ങൾക്ക് കാരണമാകുന്നു

HIV-Aids മുതലായ മാരകരോഗങ്ങൾക്ക് കാരണമായിതീരാം

പേജ് 2 ൽ തുടരും....

ലേഖനം

# ശുഭയാത്ര



ബ്രദർ സാം ഐസക്

യാത്രയുടെ അവസാനം നമുക്ക് ഇറങ്ങേണ്ട സ്ഥലമാകുമ്പോൾ പെട്ടെന്നൊരു ഒരുക്കമുണ്ട്. യാത്രയിൽ നമ്മോടൊപ്പമുണ്ടായിരുന്ന ബാഗും മറ്റുസാധനങ്ങളും എടുത്ത്, മാറിക്കിടന്ന വസ്ത്രമെല്ലാം യഥാസ്ഥാനത്താക്കി മുഖമെല്ലാം മിനുക്കി കുടയും കണ്ണാടിയും പേഴ്സും എല്ലാം ഒന്നൂടെ പരിശോധിച്ച് മെല്ലെ വാഹനത്തിന്റെ വാതിലിനടുത്ത് നീങ്ങും. അതുപോലെ നമ്മുടെ വിശ്വാസയാത്രയും ലക്ഷ്യസ്ഥാനത്തോടടുത്തുകഴിഞ്ഞു. ആയതിനാൽ ഒരുങ്ങേണ്ടത് ആവശ്യമായിരിക്കുന്നു. എങ്ങനെഒരുങ്ങണം??? നമ്മേത്തന്നെ സൗമ്യതകൊണ്ട് അലങ്കരിക്കണം. ദൈവവചനം നമ്മോട് പറയുന്നു നിങ്ങളുടെ സൗമ്യത സകല സകല മനുഷ്യരും അറിയട്ടെ... എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവ് വരുവാൻ അടുത്തിരിക്കുന്നു.

അപ്പൊസ്തലനായ പൌലൊസ് കാരാഗ്രഹത്തിൽ കിടന്നുകൊണ്ടാണ് സൗമ്യതയെക്കുറിച്ച് എഴുതുന്നത് (ഫിലിപ്പ്യർ 4:5). പീഢനങ്ങളിലൂടെ കടന്നുപോകുമ്പോൾ സൗമ്യതമായി പെരുമാറാൻ എങ്ങനെകഴിയും? ജീവിതത്തിൽ ചെറിയ പ്രതികൂലം നേരിടുമ്പോഴെ നമ്മുടെ സൗമ്യതയെല്ലാം താഴെപ്പോകും. നഷ്ടം സഹിക്കാൻ ആരും തയ്യാറല്ല, നമ്മുടേത് എന്തെങ്കിലും അപഹരിക്കപ്പെടുമ്പോൾ സൗമ്യമായിട്ടിരിക്കാൻ നമുക്കാകില്ല. ഒന്നുംവേണ്ട നമ്മൾ നിൽക്കുന്ന ക്യൂവിൽ ഇടയ്ക്കൊരാൾ നുഴഞ്ഞുകയറുമ്പോൾ സൗമ്യമായിട്ടിരിക്കാൻ നമുക്ക് കഴിയുമോ? എന്നാൽ കർത്താവിനെനോക്കൂ... മുഖത്ത് തുപ്പുമ്പോഴും രോമം പിഴുതെടുക്കുമ്പോഴും അടിയേൽക്കുമ്പോഴും നിന്ദിക്കുമ്പോഴും പരിഹസിക്കുമ്പോഴും സൗമ്യത വിട്ടുമാറുന്നില്ല. സാക്ഷാൽ ദൈവമായിരുന്നിട്ടും ദൈവത്വം പുറത്തെടുക്കാതെ മനുഷ്യനായി സൗമ്യനായി ക്രൂശിലെ മരണത്തോളം അനുസരണമുള്ള കുഞ്ഞാടായിരുന്നു.

ആർക്കും പിടിക്കാൻ പറ്റുന്ന ഒരു കുഞ്ഞാടായി തീരുക എന്നതാണ് സൗമ്യതകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടായി ഇറങ്ങിച്ചെല്ലുക എന്നുപറഞ്ഞാൽ പ്രയാസമുള്ള കാര്യമാണ്. മാനുഷിക ബുദ്ധിയിൽ അസാധ്യമാണ്. എന്നാൽ ദൈവത്താൽ സാധ്യമാണ്. കാരണം വിശ്വാസയാത്രയിൽ നാം തനിച്ചല്ല. നമ്മുടെ സഹായത്തിന് അവിടുന്ന് പരിശുദ്ധാത്മാവിനെകൂട്ടായി തന്നിട്ടുണ്ട്. സാധിക്കാത്ത കാര്യങ്ങൾ ദൈവത്തിൽ ഭരമേൽപ്പിച്ചാൽ ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടാക്കി ദൈവം നമ്മെ നിർത്തും. കർത്താവു ചോദിക്കുന്നു... അതിന് മനസ്സുണ്ടോ? എന്റെ നുകം ചുമക്കാൻ നിങ്ങൾ തയ്യാറാണോ?

സൗമ്യതയും താഴ്മയും ധരിച്ചുകൊണ്ട് ലോകത്തിന് മുന്നിലൂടെ നടക്കാൻ സാധിച്ചാൽ നമ്മിലൂടെ യേശുവിനെലോകം കാണും. മനുഷ്യനെരക്ഷിക്കാൻ ഇവ രണ്ടും കൊണ്ടാണ് യേശുകർത്താവ് വന്നത്. ആകയാൽ നമുക്കും സൗമ്യതയും താഴ്മയും നിർബന്ധമാണ്. നമ്മുടെ സ്വർഗ്ഗീയ യാത്ര ദൈവരാജ്യത്തിലെത്തണമെങ്കിലും സൗമ്യത വേണം (മത്തായി 5:5). ഇന്നുനാം അദൃശ്യമായി കാണുന്ന ദൈവരാജ്യം നമ്മുടെ മുന്നിൽ യഥാർത്ഥമായി വെളിപ്പെടാൻ സമയമായി. ഇനി വെളിപ്പെടാൻ പോകുന്ന ഈ ദൈവരാജ്യത്തെക്കുറിച്ചാണ് സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ കൈവശമാക്കും എന്നുപറഞ്ഞിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ രക്ഷാവസ്ത്രം ഒന്നുടെ കുഞ്ഞാടിന്റെ രക്തത്താൽ കഴുകാൻ ഏൽപ്പിച്ചുകൊടുക്കാം. യഥാസ്ഥാനപ്പെടുത്തണമേ എന്ന് പ്രാർത്ഥിക്കാം... സ്വർഗരാജ്യത്തിലേക്ക് നമ്മെ അനുഗമിക്കുന്ന പ്രവൃത്തികളെ സ്നേഹത്തിൽ പുതുക്കി, സൗമ്യതയിൽ പൊതിഞ്ഞ്, താഴ്മയുള്ളവരായി ഒരുങ്ങാം. ജഡപ്രകാരം ജീവിച്ചത് മതി. ഇനി സമയമില്ല, കർത്താവ് വാതിൽക്കലായിരിക്കുന്നു. ദൈവം നമുക്കു തന്ന കഴിവും വിദ്യാഭ്യാസവും പണവും ആരോഗ്യവുമെല്ലാം മറ്റാരും അപഹരിച്ചെടുക്കാതെ ദൈവത്തിനുതന്നെ സമർപ്പിക്കുക. ലോകക്കാരനായി നാളേയ്ക്കുവേണ്ടി ജീവിച്ചാൽ അങ്ങനെയുള്ള ജീവിതയാത്ര ആറടിമണ്ണിൽ അവസാനിക്കും. നമ്മെ ദൈവം വിളിച്ചിരിക്കുന്നത് നിത്യമായ വാസത്തിനുവേണ്ടിയാണ്. ആ നിത്യവാസത്തിലെത്താനുള്ള വഴിയാണ് യേശു. യേശുവിലൂടെ ജീവിച്ചാൽ സൗമ്യതയുള്ളവനായിത്തീരും.

നിങ്ങളുടെ സൗമ്യത സകലമനുഷ്യരും അറിയട്ടെ എന്നുപറഞ്ഞാൽ യേശുവിനെസകല മനുഷ്യരും അറിയട്ടെ എന്നാണ്. നമ്മെത്തന്നെ ഒന്ന് വിലയിരുത്താമോ? ലോകം നമ്മെ കാണുന്നത് യേശുവായിട്ടാണോ? യേശു കർത്താവിന് ഒറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളു. തന്നിലൂടെ പിതാവിനെവെളിപ്പെടുത്തണം. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല തന്റെ മടിയിൽ ഇരിക്കുന്ന പുത്രൻ തന്നെ വെളിപ്പെടുത്തിരിക്കുന്നു. അതുപോലെ യേശുവിനെനമ്മിലൂടെ ലോകത്തിന് വെളിപ്പെടുത്തികൊടുക്കാൻ കഴിഞ്ഞാൽ നമ്മുടെ ജീവിതം ധന്യമായിത്തീരും. അതിന് ദൈവം ഏവരെയും സഹായിക്കുമാറാകട്ടെ.

ലേഖനം



# മോശെക്കു ലഭിച്ച പ്രതിഫലങ്ങൾ



പാസ്റ്റർ സുനിൽ വേട്ടമല

എല്ലാവിധ ജോലികൾക്കും പ്രതിഫലമുണ്ട്. പ്രതിഫലം ലഭിക്കാത്ത ജോലി ചെയ്യാൻ ആരും ഒരുങ്ങാറില്ല. അടിമ പണിനിനില്ലിരുന്ന കാലത്തുപോലും ഭക്ഷണവും പാർക്കാനൊരിടവും തൊഴിലുടമ ക്രമീകരിച്ചു നൽകിയിരുന്നു.

കൂടുതൽ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിലിന് വേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകൾ മനുഷ്യർ ഉപേക്ഷിക്കാറുണ്ട്. സേവനങ്ങളാൽ ഏർപ്പെട്ടിരിക്കുന്നവർക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമെല്ലാം ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ പ്രതിഫലങ്ങൾ ലഭിക്കാറുണ്ട്. അങ്ങനെയെങ്കിൽ കർത്താവിന്റെ വേല ചെയ്യുന്ന തന്റെ ദാസന്മാർക്ക് അവിടുന്ന് പ്രതിഫലം നൽകാതെ ഇരിക്കുമോ? ഒരിക്കലുമില്ല.

ഒരു പ്രതിഫലം കാംക്ഷിച്ചുകൊണ്ട് മോശെ രണ്ട് സംഗതികൾ ഉപേക്ഷിക്കുന്നു. ഫറവോന്റെ പുത്രിയുടെ മകൻ എന്ന പദവിയും മിസ്രയിമ്യ രാജ്യത്തിന്റെ നിക്ഷേപങ്ങളും. ഇത്തരം ഉന്നതമായ പദവികൾ പരിത്യജിച്ച ആളിന് ലഭിച്ച പ്രതിഫലങ്ങൾ എന്തെല്ലാമായിരുന്നുവെന്നാണ് നാം ചർച്ച ചെയ്യാൻ പോകുന്നത്. ദൈവദാസന്മാരുടെ യഥാർത്ഥ പ്രതിഫലം നിത്യതയിലാണ് ലഭിക്കുക. ഭൂമിയിൽ ഇടക്കാലാശ്വാസം ലഭിച്ചേക്കാം. തോട്ടം മേഖലകൾ തൊഴിലാളികൾക്ക് ഓരോ ആഴ്ചതിലും ചെലവ് കാശ് ലഭിക്കാറുണ്ട്. ശമ്പളത്തിന്റെ ഒരു ഭാഗം എല്ലാ ആഴ്ചകളിലും താത്ക്കാലിക ആവശ്യങ്ങൾക്കായി നൽകുന്നതിനെയാണ് ചെലവ് കാശ് എന്ന് എന്നു പറയുക. ഇതുപോലെ സ്വർഗ്ഗത്തിന്റെ ദാസന്മാർക്ക് പ്രതിഫല വിഭജനനാൾ വച്ചിട്ടുണ്ടെങ്കിലും ദൈവം അവരെ മാനിക്കും. ഭൂമിയിൽ പ്രതിഫലം നേരാം വണ്ണം ലഭിച്ചിട്ടില്ലെന്ന് ആരെങ്കിലും പരിതപിക്കുന്നെങ്കിൽ അങ്ങേ ലോകത്ത് അവ കൂടി ചേർത്ത് നൽകും എന്ന് കരുതാവുന്നതാണ്. മോശയ്ക്ക് ഭൂമിയിൽ ലഭിച്ച ചില പ്രതിഫലങ്ങൾ മാത്രമാണിവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്. നിത്യതയിൽ അദ്ദേഹത്തിന് ലഭിക്കാൻ പോകുന്നവയെക്കുറിച്ച് കൃത്യമായി നമുക്ക് ഇപ്പോഴേ നിഗമനത്തിലെത്താൻ നമുക്കാവില്ലല്ലോ.

1. ദൈവത്തോട് അഭിമുഖമായി സംസാരിച്ചു. ആവർത്തനം 34: 12

മോശെയുടെ ജീവിതത്തെ 40 വർഷങ്ങൾ വീതമുള്ള മൂന്ന് ഘട്ടങ്ങളായി തിരിക്കാവുന്നതാണ്.

1. ഫറവോന്റെ പുത്രിയുടെ മകനായി മിസ്രയിൽ വളർന്ന 40 വർഷം
2. ആടു മേയ്ക്കുന്ന ജോലിയുമായി മിദ്യാൻ ദേശത്ത് ജീവിച്ച 40 വർഷം
3. യിസ്രായേൽ ജനതയെ കനാനിലേക്ക് നയിച്ച 40 വർഷം

ആദ്യത്തെ രണ്ട് ഘട്ടങ്ങളുടെ സമാപനത്തിലാണ് മോശെ ദൈവശബ്ദം ശ്രവിക്കുന്നത്. ആട് മേയിച്ചുകൊണ്ട് ഹോരേബ് വരെ എത്തിയ മോശെ അസാധാരണമായ ഒരു അഗ്നിഗോളം കാണുന്നു. വനപ്രദേശത്ത് സാധാരണയായി കാണാറുള്ള കാട്ടുതീയിൽ നിന്ന് വ്യത്യസ്തമായി ഒരു മുൾപ്പടർപ്പിനെ പൊതിഞ്ഞു നിൽക്കുന്ന തീയാണ് കാണുന്നത്. പക്ഷേ ആ ചെടി വാടുകയോ വേവുകയോ ചെയ്യുന്നില്ല, ചാരം പറക്കുന്നതുമില്ല. തുടർന്ന തന്നെ പേരു വിളിക്കുന്നതായി കേൾക്കുന്നു. അതും തീയുടെ നടുവിൽ നിന്ന്. നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാണെന്നും കാലിൽ നിന്ന് ചെരുപ്പ് ഊരി മാറ്റണമെന്നും നിർദ്ദേശമുണ്ടായി. അപ്പോൾ അവിടെ ദൈവസാന്നിദ്ധ്യം ഉണ്ടായിരുന്നതിനാലാണ് വിശുദ്ധഭൂമിയെന്ന് പറഞ്ഞത്. ഇതോടെ പുതിയ ദൗത്യമെറ്റെടുത്ത് പുതിയ പാതയിലൂടെ നടക്കുന്ന ദൈവത്തിന്റെ മനുഷ്യനെയാണ് പിന്നെ നാം മോശെയിൽ കാണുന്നത്.

“ഒരുത്തൻ തന്റെ സ്നേഹിതനോട് അഭിമുഖമായി സംസാരിക്കുന്നതുപോലെ യഹോവ മോശെയോട് സംസാരിച്ചു എന്ന് പുറപ്പാട് 33: 11 പറയുന്നു. സൗഹാർദ്ദം എന്നതിന്റെ അലങ്കാരിക പ്രയാഗമാണ് അഭിമുഖം എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്തും തുറന്ന് പറയുന്ന ഏറ്റവും അടുപ്പമുള്ള ബന്ധം സുഹൃദ് ബന്ധമാണെന്ന പറയാറുണ്ട്. ഭാര്യയോടുപോലും പറയാത്തവ സ്നേഹിതന്മാർ തമ്മിൽ പങ്കുവയ്ക്കാറുണ്ടത്രേ. ഇത്രത്തോളം ബന്ധം മോശെയ്ക്ക് ദൈവത്തോടുണ്ടായി എന്നുള്ളത് ഗ്രഹിക്കാൻ പ്രയാസമായി തോന്നുന്നു.

യഹോവയായ ദൈവം മോശെയോട് അഭിമുഖമായി സംസാരിക്കുന്ന പലസന്ദർഭങ്ങളിൽ സുപ്രധാനമായ ഒന്ന് പുറപ്പാട് പുസ്തകം 19-ാം അദ്ധ്യായത്തിൽ കാണാം. മിസ്രയിമിൽ നിന്ന് പുറപ്പെട്ടതിന്റെ മൂന്നാം മാസത്തിൽ പുറപ്പെട്ട ഏതേ ദിവസമായ 14-ാംതീയതിയായിരുന്നു ഈ സംഭാഷണം.

2. വാർദ്ധ്യക്യത്തെ അതിജീവിച്ചു. ആവർത്തനം 34: 7

“ മോശെ മരിക്കുമ്പോൾ അവന് നൂറ്റിയിരുപത് വയസ്സായിരുന്നു. അവന്റെ കണ്ണ് മങ്ങാതെയും ദേഹബലം ക്ഷയിക്കാതെയിമിരുന്നു.’

ജീവപര്യന്തം പ്രവർത്തനനിരതനായിരുന്ന ഒരു വ്യക്തിയായിരുന്നു മോശെ. വിശ്രമ കാലം തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. വാർദ്ധ്യക്യവും ജരാനരകളും അതുമായി ബന്ധപ്പെട്ട അവശതകളും എല്ലാ മനുഷ്യർക്കും ഉള്ളതാണെങ്കിലും മോശെ അതിൽ നിന്നും വിത്യസ്തനായിരുന്നു. ദൈവത്തിൽ നിന്ന് വലിയ നിയോഗങ്ങൾ ലഭിച്ചിട്ടുള്ളവർക്ക് അതിനനുസൃതമായ പ്രവർത്തന ഊർജ്ജം അവിടുന്ന് പ്രദാനം ചെയ്യുമെന്ന് നമുക്കനുമാനിക്കാം. വയ്യ വയ്യ എന്ന് നിരന്തരം പറയുന്ന ഒരാളിൽ ദൈവീകമായ നിയോഗങ്ങൽ ഒന്നും അവശേഷിക്കുന്നില്ല എന്ന ആരെങ്കിലും കുറ്റപ്പെടുത്തിയാൽ അവരെ കുറ്റപ്പെടുത്താനാകില്ല. ഉന്നത നിയോഗങ്ങളുടെ ഉടമായായിരുന്നു പൗലൊസെങ്കിലും ശരീരത്തിൽ ബലഹീനനായിരുന്നു. എന്നാൽ അദ്ദേഹം വയ്യെന്ന് പറഞ്ഞിട്ടില്ല. മറിച്ച് എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവൻ എന്ന് പ്രസ്താവിക്കുകയായിരുന്നു ചെയ്തത്. ശാരീരിക ക്ഷീണതകളിൽ അദ്ദേഹം അസാമാന്യ സഹനശക്തി കാട്ടിയിട്ടുണ്ട്. ഞാൻ

നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്ന് ജീവിത സായാഹ്നത്തിൽ അദ്ദേഹം പറയുമ്പോൾ ഏവരും അത് ശരിവയ്ക്കുക തന്നെ ചെയ്യും. പ്രവർത്തനം വിജയപ്രദമല്ലെന്നതിന് പലരും കാരണം കണ്ടെത്തുന്നത് ശാരീരിക അവശതകളിലാണ്. ഒരു ദൈവഭൃത്യൻ അത്തരം പ്രശ്നങ്ങളൊന്നും എനിക്കില്ല എന്നു പറഞ്ഞാൽ അത് ദൈവാനുഗ്രഹം എന്നല്ലാതെ എന്തു പറയാനാകും. പർവ്വതങ്ങളുടെ പുരുഷൻ എന്ന അപര നാമവും മോശെയ്ക്ക് ഉണ്ട്.

തന്റെ ജീവിതാവസാനവും ഒരു പർവ്വതത്തിലായിരുന്നല്ലോ. നെബോയുടെ ഉയരങ്ങളിലെ പിസ്ഗാ കൊടുമുടുയിൽ കയറിചെല്ലണമെങ്കിൽ അതിനനുസൃതമായി ആരോഗ്യം ഉണ്ടായിരിക്കണം. അവിടെ നിന്ന് നോക്കി കണ്ട സ്ഥലങ്ങൾ ഇന്ന് നോക്കുന്നവർക്ക കാണാനാകില്ല. പക്ഷെ കണ്ണ് മങ്ങാത്ത മോശെ അത് കാണുക തന്നെ ചെയ്തു.

3. ദൈവം അടക്കി. ആവർത്തനം 34: 5,6

സീൻ മരുഭൂമിയിലെ കാദേശിൽ വച്ചായിരുന്നു മിര്യമിന്റെ നിര്യാണം. സഹോദരന്മാരായ മോശെയും അഹരോനുംചേർന്ന് അവരെ അടക്കം ചെയ്തു. അവളെ അടക്കം ചെയ്തു എന്ന് കരുതാം. യിസ്രായേൽ ജനതയുടെ വിമോചനയാത്രയുടെ നാൽപ്പതാം വർഷമായിരുന്നു അഹരോന്റെ മരണം. ഏദോം ദേശത്തിന്റെ അതിരിലുള്ള ഹോർ പർവ്വതത്തിൽ വച്ചായിരുന്നു അത്. അന്ത്യനിമിഷങ്ങൾക്ക് മോശെ സാക്ഷ്യ വഹിച്ചു. തന്റെ അന്ത്യസമയത്ത് സഹോദരങ്ങളില്ലല്ലോ എന്നും ആരായിരിക്കും അടക്കം നടത്തുക എന്നും ആശങ്കപ്പെട്ടിട്ടുണ്ടാകാം.

എന്നാൽ ആർക്കും ലഭിച്ചിട്ടില്ലാത്ത ശവസംസ്ക്കാരം ഒരു സൗഭാഗ്യം പോലെ ദൈവം മോശെയ്ക്ക് പതിച്ചു നൽകി. യഹോവയുടെ വചനപ്രകാരം മരിച്ചു എന്നാണ് വാക്യം 5 ൽ പറയുന്നത്. വചനപ്രകാരം എന്നതിന്റെ അർത്ഥം “യഹോവയുടെ ചുംബനത്താൽ “ എന്നുള്ളതാണെന്ന് യഹൂദാ റബ്ബിമാർ വ്യാഖ്യാനിക്കുന്നു. ഇതു ശരിയെങ്കിൽ ദൈവത്തിന്റെ അന്ത്യചുംബനം ലഭിച്ച ഏക വ്യക്തിയായിരിക്കണം മോശെ.

മോശെയുടെ ശരീരത്തിനുവേണ്ടി പിശാച് വാദിച്ചതായി യൂദാ 8,9 വാക്യങ്ങളിൽ കാണുന്നു. പിശാചിന് കണ്ടെത്തുവാൻ കഴിയാത്ത വിധത്തിലും സ്ഥലത്തും ദൈവ പുരുഷനെസംസ്ക്കരിച്ചു എന്നു മനസിലാക്കാം. പിസ്ഗാ കൊടുമുടിക്ക് ചുറ്റിലുമായി ദൂതഗണങ്ങൾ വലയം തീർത്തു എന്ന് ഞാൻ അനുമാനിക്കുന്നു.

മരണം കാണാതെ എടുക്കപ്പെട്ടവർ ഹാനോക്കും ഏലിയാവും ആണെന്ന് നമുക്ക് ആറിയാം ജീവാവസാനസംബന്ധിയായി അവരിരുവരുമായിരിക്കാം മുന്നന്മാർ. അവരെപ്പോലെ മോശെയും എടുക്കുവാൻ ദൈവത്തിനാഗ്രഹമുണ്ടായിരുന്നു. എന്നാൽ തന്റെ ജീവിതത്തിലെ ചില പിശകുകൾ അതിനനുവദിക്കുന്നില്ലല്ലോയെന്നും പരമ നീതിമാനായ ദൈവം കരുതി എന്ന് വിശ്വസിക്കുന്ന ചിന്തകരുണ്ട്. അതിനാൽ ഹാനോക്കിനും ഏലിയാവിനും തുല്യസ്ഥാനം നല്കാനാണ് ദൈവം മോശെയെ അടക്കം ചെയ്തതെന്ന് കരുതുന്നു.

ദൈവത്തിനഭിമുഖമായി സംസാരിക്കാൻ കഴിഞ്ഞതും വാർദ്ധ്യക്യത്തെ അതിജീവിക്കാൻ കഴിഞ്ഞതും ദൈവം സംസ്ക്കരിച്ചതും മോശെയ്ക്ക് ഭൂമിയിൽ ലഭിച്ച പ്രതിഫലങ്ങളിൽ ചിലതായിരുന്നു.

## ഐ.പി.സി. വെമ്പായം ഏരിയ സണ്ടേസ്കൂൾ ഭരണ സമിതി 2018



പാ.കെ. എസ്. ബൈജു
സൂപ്രണ്ട്



ഇവാ. ടിനു വി. തങ്കച്ചൻ
ഡെപ്യൂട്ടി സൂപ്രണ്ട്



ബ്ര. മാത്യു കെ. വർഗ്ഗീസ്
സെക്രട്ടറി




പാ. വി. ബൈജു
ജോ. സെക്രട്ടറി



ബ്ര. തോമസ് കെ. വർഗ്ഗീസ്
ട്രഷറാർ

ലേഖനം



# സുവിശേഷത്തിന്റെ ശക്തി



പാസ്റ്റർ കെ. സി. തോമസ്

സുവിശേഷം എന്താണെന്നും സുവിശേഷത്തിന്റെ ശക്തി എത്ര വലുതാണെന്നും ബൈബിൾ വ്യക്തമാക്കുന്നു. താൻ പ്രസംഗിക്കുന്ന സുവിശേഷം എന്താണെന്ന് പൗലൊസ് തിമൊഥെയോസിനു എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തി. 2 തിമൊ. 2:6 ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെഓർത്തു കൊൾക അതാകുന്നു എന്റെ സുവിശേഷം. പൌലൊസ് അപ്പൊസ്തലന് ലോകത്തിന് നൽകുവാനുള്ള ഏറ്റവും വലിയ സുവാർത്ത (Good News) മരിച്ചിട്ട് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെഓർത്തു കൊൾക അഥവാ ഓർത്ത് വിശ്വസിച്ചുകൊൾക എന്നതായിരുന്നു. യേശുക്രിസ്തു അബ്രഹാമിന്റെ സന്തതിയായി, ദാവീദിന്റെ സന്തതിയായി ദൈവീക വാഗ്ദത്ത പ്രകാരം ഭൂമിയിൽ ജനിച്ചു. അതുകൊണ്ട് മത്തായി സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ വംശാവലി രേഖപ്പെടുത്തിയത് "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി" (മത്താ. 1:1) എന്നാണ്. ദാവീദിന്റെ സന്തതിയായി യെഹൂദാ ഗോത്രത്തിൽ യിശായിയുടെ കുടുംബത്തിൽ യേശു മനുഷ്യനായി പിറന്നു. ദാവീദിന്റെ സന്തതിയായി ജനിച്ചിട്ട് മരിച്ചു എന്നെഴുതിയിരുന്നെങ്കിൽ യേശുവിനെക്കുറിച്ചുള്ള പ്രസംഗം സുവിശേഷ പ്രസംഗമാകുകയില്ലായിരുന്നു. ലോകത്തിൽ മഹാന്മാർ ആയിരുന്നവരെല്ലാം ആരുടെയെങ്കിലും സന്തതിയായി ജനിച്ച് മരിച്ചവരാണ്. അവരുടെ മരണത്തോടുകൂടെ അവരുടെ ചരിത്രത്തിന് ഫുൾസ്റ്റോപ്പ് ഇട്ട് എഴുതി അവസാനിപ്പിച്ചു. എന്നാൽ ലോക ചരിത്രത്തിൽ ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റ് ജീവിക്കുന്ന ഒരുവനേഉള്ളൂ അത് ലോകരക്ഷകനായ യേശുക്രിസ്തു മാത്രമാണ്. ഉലകമഹാന്മാരെല്ലാം മരിച്ച് മൺമറഞ്ഞപ്പോൾ യേശുക്രിസ്തുമാത്രം മൂന്നാം നാൾ കല്ലറയെ തുറന്ന് ഉയർത്തെഴുന്നേറ്റു. മരണത്തോട് യേശുവിന്റെ ചരിത്രം അവസാനിച്ചില്ല. ഇന്നും യേശുവിന്റെ ചരിത്രം തുടർന്നുകൊണ്ടിരിക്കുന്നു. 'നീയോ അനന്യൻ നിന്റെ സംവത്സരങ്ങൾ അവസാനിക്കയില്ലാ യെന്ന് സങ്കീർത്തനക്കാരൻ പ്രവചനാത്മാവിൽ യേശുക്രിസ്തുവിനെക്കുറിച്ച് എഴുതി. ഇംഗ്ലണ്ടിലെ വെസ്റ്റ് മിനിസ്റ്റർ ആബിയിൽ നൂറുകണക്കിന് മഹാന്മാരുടെ ശവകുടീരം കാണാൻ എനിക്ക് കഴിഞ്ഞു. എന്നാൽ ആ കല്ലറകൾ എല്ലാം അടഞ്ഞു കിടക്കുകയാണ്.

എന്നാൽ ഈ ലോകത്തിന്റെ മധ്യഭാഗത്ത് യെരുശലേം പട്ടണത്തിൽ അവൻ ഇവിടെ ഇല്ല അവൻ ഉയർത്തെഴുന്നേറ്റു എന്ന ലേബലോടുകൂടെ യേശുക്രിസ്തുവിന്റെ കല്ലറയുടെ വാതിൽ തുറന്നു കിടക്കുന്നു. അധർമ്മികൾ തങ്ങളുടെ കയ്യാൽ യേശുവിനെമരക്കുരിശോടു ചേർത്ത് തറപ്പിച്ച് കൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ച് അവനെഉയർത്തെഴുന്നേൽപ്പിച്ചു. മരണത്തിന് അവനെപിടിച്ചു വക്കുന്നത് അസാദ്ധ്യമായിരുന്നു. (അപ്പൊ. 2:24). ഉലകമഹാന്മാരെ എല്ലാം മരണത്തിനു പിടിച്ചു വയ്ക്കാൻ എളുപ്പമായിരുന്നു. യേശുവിനെപിടിച്ചു വയ്ക്കാൻ മരണത്തിന് കഴിഞ്ഞില്ല. യേശുക്രിസ്തു മരിച്ച് അവസാനിച്ചിരുന്നെങ്കിൽ യേശുവിനെകുറിച്ചുള്ള പ്രസംഗം സുവിശേഷപ്രസംഗമാകയില്ലായിരുന്നു. യേശുക്രിസ്തു മരണത്തെയും പാതാളത്തെയും ജയിച്ച്, വാഴ്ചകളെയും അധികാരങ്ങളെയും കർത്തൃത്വങ്ങളെയും ശക്തികളെയും ആയുധവർഗ്ഗം വെയ്പ്പിച്ച് അവയുടെ മേൽ ജയോത്സവം കൊണ്ടാടി, മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ് താൻ ദൈവ പുത്രനെന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെട്ടവണ്ണം ജയാളിയായി തീർന്നു. പത്രൊസ് കൊർന്നല്ല്യോസിന്റെ ഭവനത്തിൽ ഇങ്ങനെപ്രസംഗിച്ചു "ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ അവൻ തന്നെ". "അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കുമെന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (അപ്പൊ. 10:42-43). സുവിശേഷം എന്നതിന്റെ അന്തസത്ത ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് അവന്റെ നാമത്തിൽ പാപമോചനം കിട്ടും എന്നതാണ്.

അതുകൊണ്ട് അപ്പൊസ്തലന്മാർ എഴുതി ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു (1 കൊരി. 1:23). അടയാളം ചോദിക്കുന്ന യെഹൂദനും ജ്ഞാനം അന്വേഷിക്കുന്ന യവനനും നല്കുവാൻ അവർക്കുണ്ടായിരുന്ന സന്ദേശം ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചായിരുന്നു. യെഹൂദന്മാർക്ക് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം ഇടർച്ചയായിരുന്നു. ജ്ഞാനികൾക്ക് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം ഭോഷത്തമായിരുന്നു. എന്നാൽ യെഹൂദന്മാരായാലും യവനന്മാരായാലും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം രക്ഷിക്കപ്പെട്ടവർക്ക് ദൈവശക്തിയും ദൈവജ്ഞാനവും ആയിരുന്നു (1 കൊരി. 1:24).

യേശുക്രിസ്തു ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർക്ക് പാപക്ഷമയും നിത്യജീവനും ലഭിക്കുമെന്ന സന്ദേശത്തെക്കാൾ വലിയ ഒരു സന്ദേശം വേറെ ഇല്ല.

യേശു ഉയർത്തെഴുന്നേറ്റില്ലായിരുന്നുയെങ്കിൽ ശ്രീ ബുദ്ധൻ, ശ്രീജൈനൻ, ശ്രീ ഗുരുനാനാക്ക്, ശ്രീ കാറൽ മാക്സ്, ലെനിൻ, ശ്രീ മഹാത്മാഗാന്ധി എന്നീ മഹാന്മാരുടെ നിരയിൽ യേശുവും കാണപ്പെടുമായിരുന്നു. എല്ലാ വർഷവും ജനനദിവസവും സമാധി ദിവസവും ജനങ്ങൾ സ്മരിക്കുമായിരുന്നു. അതിൽ കൂടുതലൊന്നും യേശുവിനും പ്രാധാന്യം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇന്ന് യേശുക്രിസ്തു കർത്താധികർത്താവും ദൈവാധിദൈവവുമായി സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ഉള്ളവനായി, എല്ലാ നാമത്തിലും മേലായ നാമമുള്ളവനായി, സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുന്ന നാമമുള്ളവനായി സകലത്തിന്റെയും തലയായി ഉയർത്തെഴുന്നേറ്റു ജീവിക്കുന്നു. എല്ലാ മുട്ടും അവന്റെ മുമ്പിൽ ഇനി മടങ്ങും. എല്ലാ നാവും യേശു കർത്താവെന്ന് ഏറ്റു പറയും.

ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന രക്ഷകനായ യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം ആയിരങ്ങളെ രക്ഷയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു കഴിഞ്ഞവർ സുവിശേഷം കേട്ട് അതിൽ നിന്നും പിന്തിരിഞ്ഞ് പ്രത്യാശ ഉള്ളവരായിതീർന്നുകൊണ്ടിരിക്കുന്നു. നരഭോജികൾ സുവിശേഷ ശക്തിയാൽ മനുഷ്യസ്നേഹികളായിതീർന്നു. കൊലപാതകികൾ പുതുമനുഷ്യരായിമാറി. മദ്യപാനികൾ സുവിശേഷ പ്രവർത്തകരായി തീർന്നു. സമാധാനം ഇല്ലാത്ത കുടുംബങ്ങളിൽ സമാധാനം ലഭിച്ചു. രോഗികൾക്ക് സൗഖ്യം ലഭിച്ചു. സുവിശേഷ ശക്തി വിശ്വസിക്കുന്നവരിൽ വ്യാപിച്ച് വലിയ പരിവർത്തനവും രൂപാന്തരവും വരുത്തിക്കൊണ്ടിരിക്കുന്നു. അനേകർ പുതിയ സൃഷ്ടികളായി മാറിക്കൊണ്ടിരിക്കുന്നു.

മതത്തിനോ മതസംഹിതകൾക്കോ ഗുരുക്കന്മാരുടെ പഠിപ്പിക്കലുകൾക്കോ രാജ്യത്തിന്റെ നിയമങ്ങൾക്കോ പോലീസ് സ്റ്റേഷനുകൾക്കോ കോടതികൾക്കോ ജയിലുകൾക്കോ രൂപാന്തരം വരുത്താൻ കഴിയാത്തവർ സുവിശേഷ ശക്തിയാൽ ആളുമാറിയവരെപ്പോലെ ആയിതീർന്നു കൊണ്ടിരിക്കുന്നു. മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായി ആർക്കും വ്യത്യാസം വരുത്താൻ കഴിയാതിരുന്നവർ സുവിശേഷ ശക്തിയാൽ വ്യത്യസ്ഥരായി തീർന്നുകൊണ്ടിരിക്കുന്നു.

ക്രൂശിന്റെ വചനം നശിച്ചു പൊകുന്നവർക്ക് ഭോഷത്വമെങ്കിലും രക്ഷിക്കപ്പെട്ടവർക്ക് ദൈവ ശക്തിയായിരിക്കുന്നു.

പെന്തെക്കോസ്തു നാളിൽ പത്രൊസ് ചെയ്ത സുവിശേഷ പ്രസംഗത്തിന്റെ ശക്തി മൂവായിരം പേരെ മാനസാന്തരത്തിലേക്ക് നയിച്ചു. ശലോമോന്റെ മണ്ഡപത്തിൽ സൗഖ്യം ലഭിച്ച പിറവിയിലെ മുടന്തനായ മനുഷ്യൻ തുള്ളിയും ചാടിയും ദൈവത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിയും കൊണ്ടു നിൽക്കുമ്പോൾ പത്രൊസും യോഹന്നാനും ഓടി കൂടിയവരോട് ചെയ്ത പ്രസംഗത്താൽ ആയിരങ്ങൾ മാനസാന്തരപ്പെടാൻ ഇടയായി. കൊർന്നല്ല്യോസിന്റെ ഭവനത്തിൽ പത്രൊസ്

പേജ് 7 ൽ തുടരും....



വചന വിചാരം



പാസ്റ്റർ ജോയി
പെരുമ്പാവൂർ



# ലോകം പകയ്ക്കുന്നവർ

**പോരാട്ടങ്ങളുടെ പേരിൽ ശുശ്രൂഷ മങ്ങിപ്പോകരുത്. സ്വയത്തിൽ നിന്ന് ശുശ്രൂഷിക്കരുത്. ദൈവം ഏൽപ്പിച്ചത് ശുശ്രൂഷിക്കു മ്പോൾ ദൈവനാമം മഹത്വപ്പെടും. അത് എതിരാളികളെപ്പോലും ആശ്ചര്യപ്പെടുത്തും. അതാണ് നീതികേടില്ലാത്ത സത്യമുള്ള ശുശ്രൂഷ.**

എന്ത്കൊണ്ടാണ് ക്രിസ്തീയ ശുശ്രൂഷകളും ശുശ്രൂഷകരും ഇത്രമാത്രം അവഹേളിക്കപ്പെടുന്നത്.?. പരിഹസിക്കപ്പെടുന്നത്...?..മനസിനെ ചുട്ടു പൊള്ളിച്ച ചോദ്യങ്ങളാണ് ഇതെല്ലാം. അല്പം നിരാശയും വാട്ടവുമൊക്കെ ചിലപ്പോഴെങ്കിലും ഈ ചോദ്യങ്ങൾ നമ്മിലുളവാ ക്കിയിട്ടില്ലെ...?. തീർച്ചയായും ഉണ്ട്. ഓരോ വിശ്വാസിയും ശുശ്രൂഷ കരും പലപ്പോഴും ഈ ചോദ്യചിഹ്ന ങ്ങൾ മനസിലിട്ട് നീറിയവരാണ്... എന്ത് കൊണ്ട്....?..ഉത്തരം ലളിതമാണ്.

നമ്മുടെ കർത്താവും ഈ കല്ലും മുള്ളും നിറഞ്ഞ പാത ചവിട്ടിയാണ് തന്റെ ദൗത്യം തികച്ച് കടന്നുപോയത്. നമുക്ക് പിന്തുടരുവാൻ ഒരു മാതൃക വെച്ചിട്ടാണ് കർത്താവ് പിതൃസന്നിധിയിലേക്ക് മടങ്ങിയത്. ആ കാലടികളെ പിന്തുടരുവാൻ ഇറങ്ങിയവരല്ലേ നമ്മൾ. എന്നെ അനുഗമിക്ക എന്ന വിളി കേട്ടിറങ്ങിയവർ. നമ്മൾ സഞ്ചരിക്കേണ്ട ആ ദുർഘടവീഥികൾ എല്ലാം വിവരിക്കാൻ പരിമിതികൾ അനുവദിക്കുന്നില്ല എങ്കിലും അവയിൽ ചിലത് ഇവിടെ കുറിക്കാം.

ഒരു പ്രഭാതധ്യാനത്തിന്റെ ശാന്തനിമിഷങ്ങളിലാണ് യോഹന്നാൻ ഏഴാം അദ്ധ്യായത്തിൽ ഹൃദയം ഉടക്കി നിന്നത്. ദൈവപുത്രന്റെ, തൃത്വത്തിൽ മൂന്നാമന്റെ ശുശ്രൂഷയിൽ നേരിട്ട പോരാട്ടങ്ങൾ. അത് ഒരോ വിശ്വാസിക്കും ശുശ്രൂഷകനും ചൂണ്ടുപലകയാണ്. ഒറ്റ വായനയിൽ മനസിൽ കത്തിയ ചിന്തകളാണ് ഇവിടെ കുറിക്കുന്നത്. വിശദമായ വായനയിൽ, ധ്യാനത്തിൽ കുടുതൽ ദൂതുകൾ ലഭിക്കും. ശ്രദ്ധിക്കൂ...

ഒന്ന്. നിങ്ങളെ കൊല്ലുക എന്നതാണ് ശത്രുവിന്റെ ലക്ഷ്യം.

"അതിന്റെ ശേഷം യേശു ഗലീലയിൽ സഞ്ചരിച്ചു. യഹൂദൻമാർ അവനെകൊല്ലുവാൻ അന്വേഷിച്ചത്കൊണ്ട് യഹൂദയിൽ സഞ്ചരിപ്പാൻ അവന് മനസില്ലായിരുന്നു. "(7.1)

ആളുകൾ തന്നെ കൊല്ലുവാൻ അന്വേഷിച്ച് നടക്കുകയാണെന്ന് യേശുവിനറിയാം. അവർ യഹൂദ്യയിൽ നിന്നുള്ളവരാണ്. യേശു ദൈവപുത്രനാണ്. ദൈവത്തിന്റെ ഓമനകുമാരൻ. എന്നെ ഒന്നും ആർക്കും തൊടാൻ പറ്റുകയില്ല. ഓ..ഹാ..അത്രയ്ക്കായോ....എന്നാൽ കൊല്ലുന്നത് ഒന്ന് കാണട്ടെ...എന്നൊന്നും കർത്താവ് ചിന്തിച്ചില്ല. ശത്രുവിന്റെ വായിൽ നേരേ ചെന്ന് നിന്ന് കൊടുക്കാതെ, ആവശ്യമില്ലാത്ത സീനുകൾ ഉണ്ടാക്കാൻ ശത്രുവിന് അവസരം കൊടുക്കാതെ യേശു വഴി മാറി നടന്നു. യേശു യഹൂദ്യയിൽ സഞ്ചരിക്കാതെ ഗലീലയിൽ സഞ്ചരിച്ചു.

അതെ, ശത്രുവിന്റെ വായിൽ നേരേ ചെന്ന് ചേതപ്പെടാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. നിഷ്കളങ്കരായിരിക്കണം അപ്പോൾ തന്നെ ബുദ്ധിയുള്ളവരായിരിക്കണം. ദുഷ്ടന് അവസരം കൊടുക്കരുത് എന്നല്ലെ ഗുരു നമ്മെ പഠിപ്പിച്ചത്.

രണ്ട്. പ്രവർത്തനങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടേക്കാം

യേശുവിന്റെ സഹോദരൻമാരുടെ ആക്ഷേപം, യേശുവിന്റെ പ്രവർത്തികൾ, പ്രസിദ്ധൻ ആകാൻ വേണ്ടി, പേരെടുക്കാൻ വേണ്ടി യേശു കാട്ടിക്കൂട്ടുന്ന പരിപാടികളാണ് എന്നാണ്. അത് കൊണ്ട് ഒരിത്തിരി വട്ടത്തിൽ ഇതൊക്കെ ചെയ്തു നടക്കാതെ, കൂടാരപ്പെരുന്നാളിന്റെ സമയമായതിനാൽ നാലാള് കൂടുന്നിടത്ത്, യഹൂദ്യയിൽ ചെന്ന് പരിപാടികൾ അവതരിപ്പിച്ചാൽ വേഗത്തിൽ പ്രസിദ്ധനാകാൻ കഴിയും എന്ന് അവർ പരിഹസിച്ചു. (7.1) എത്ര ദുഖകരം...അല്ലെ.

താങ്കൾക്കും ഇമ്മാതിരി സാഹചര്യങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടാകാം. ഒരു പക്ഷേ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കു കയാവാം. ഹൃദയം മുഴുവൻ പറിച്ചു വെച്ച് തികഞ്ഞ ആത്മാർത്ഥതയോടെ ചെയ്ത പ്രവർത്തികൾ, ശുശ്രൂഷകൾ പോലും പേരെടുക്കാൻ വേണ്ടിയുള്ളവയാണെന്ന് വ്യാഖ്യാനിപ്പെടുമ്പോൾ ഹൃദയം കീറിമുറിയും....വേദനയുടെ ഉമിത്തീയിൽ നെഞ്ചുരുകും. സാരമില്ല..നമ്മുടെ കർത്താവും ഇതനുഭവിച്ചിട്ടുണ്ട്.

"അവന്റെ സഹോദരൻമാരും അവനിൽ വിശ്വസിച്ചില്ല."(7.5) കൂടെ നിൽക്കേണ്ടവർ, പ്രോത്സാഹിപ്പിക്കേണ്ടവർ, തിരിഞ്ഞു നിന്ന് കുത്തുമ്പോൾ ആ വേദനഎത്ര വലിയതായിരിക്കും അല്ലെ.

കർത്താവ് എന്താണ് മറുപടി പറഞ്ഞത്...എന്റെ ജീവിതം സമയബന്ധിതമാണ്. പിതാവിന്റെ കലണ്ടറും ഘടികാരവുമനുസരിച്ചാണ് ഞാൻ ചലിക്കുന്നതും ചരിക്കുന്നതും. നിങ്ങൾ പറയുന്ന സമയത്തല്ല. ആൾക്കൂട്ടം കാണുമ്പോൾ ആവേശം നിറഞ്ഞ് എടുത്തു ചാടി ചെയ്യേണ്ടവയല്ല ദൈവരാജ്യത്തിന്റെ പ്രവർത്തികൾ. മനുഷ്യന് തോന്നുമ്പോഴല്ല, ദൈവത്തിന്റെ സമയത്ത് ദൈവം നിയോഗിക്കുമ്പോഴാണ് ദൈവത്തിന്റെ പ്രവർത്തികൾ വെളിപ്പെടുന്നത്.

അതെ, എല്ലാറ്റിനും സമയമുണ്ട്. മനുഷ്യന്റെ കാലഗതികൾ ദൈവത്തിന്റെ കൈയിലാണ്. പ്രത്യേകിച്ച് ശുശ്രൂഷകന്റെ, വിശ്വാസിയുടെ നാൾ വഴികൾ തമ്പുരാന്റെ ഘടികാരമനുസരിച്ചാണ്. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാൻ പഠിക്കണം. അതിന് മുമ്പ് എടുത്ത് ചാടി എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടി പ്രശ്നമുണ്ടാക്കരുത്. ദൈവത്തിന്റെ സമയം തക്ക സമയമാണ്.

ദൈവത്തിന്റെ കർതൃത്വം ഇല്ലാത്തവർക്ക് ഏത് സമയത്തും എന്തുമാകാം...അവർക്ക് എല്ലായ്പ്പോഴും സമയമാണ്. കർത്താവ് പറഞ്ഞു എന്റെ സമയം ഇതുവരെ വന്നിട്ടില്ല.(7.6).

നമുക്ക് ദൈവത്തിന്റെ സമയത്ത്, ദൈവത്തിന്റെ പദ്ധതിയിൽ, ദൈവത്തിന്റെ ഹിതത്തിൽ പ്രവർത്തിക്കാം.

മൂന്ന്. ലോകം നിങ്ങളെ പകയ്ക്കും.

നമ്മുടെ സന്ദേശമാണ് പകയുടെ കാരണം.(7.7). നമുക്ക് നമ്മുടെ സന്ദേശം മാറ്റാനാവില്ല. സുവിശേഷത്തിന് മാറ്റമില്ല. ലോകത്തിന്റെ പ്രവർത്തികൾ ദോഷമുള്ളവ എന്ന് യേശു പറഞ്ഞത്കൊണ്ട് യേശുവിനെ ലോകം പകച്ചു. അതെ..നമ്മെയും ലോകം പകയ്ക്കുന്നു. മെസേജ് മാറ്റാൻ പറ്റോ....ഒരിക്കലും പറ്റില്ല. പാപം ചൂണ്ടിക്കാണിക്കണം. പാപബോധമുളവാക്കുന്ന സന്ദേശം നൽകുവാൻ നിയോഗിക്കപ്പെട്ടവരാണ് നാം. ശ്രവണമാധുര്യമുള്ളതും, കുടുകുടെ ചിരിപ്പിക്കുന്നതും, മനോരമ്യവുമായ സന്ദേശങ്ങളുമായി കൈയ്യടി വാങ്ങുന്ന പ്രസംഗകരുടെ എണ്ണം വർധിച്ചിട്ടുണ്ട്. അവർ ലോകവുമായി സൗഹൃദത്തിലാണ്. അനുരഞ്ജനത്തിലാണ്. നമുക്കത് പറ്റില്ല. യോഹന്നാൻ സ്നാപകനെപ്പോലെ പാപത്തെ ചൂണ്ടിക്കാണിക്കണം, ന്യായവിധിയെക്കുറിച്ച് മുന്നറിയിപ്പ് നല്കണം. രക്ഷാ നായകനെയും, രക്ഷാമാർഗത്തെയും ചൂണ്ടിക്കാണിക്കണം. ലോകത്തിന്റെ കൈയ്യടി നമുക്ക് വേണ്ട. നല്ലവനും വിശ്വസ്തനുമായ ദാസനേഎന്ന തിരുവുള്ളത്തിന്റെ പ്രസാദം മതി. ലോകം നമ്മെ പകയ്ക്കട്ടെ..ദൈവം നമ്മിൽ പ്രസാദിക്കും.

നാല്. കുശുകുശുക്കുന്ന പുരുഷാരം.

ആളുകൾ തിരിച്ചും മറിച്ചും പറയും. "പുരുഷാരത്തിൽ യേശുവിനെക്കുറിച്ച് കുശുകുശുപ്പ് ഉണ്ടായി.ചിലർ പറഞ്ഞു യേശു നല്ലവനാണെന്ന്. മറ്റു ചിലർ പറഞ്ഞു യേശു ജനത്തെ വഞ്ചിക്കുന്നു എന്ന്.□(7.12)

ആളുകൾ പറയുന്നത് കേട്ട് പ്രതികരിക്കാൻ പോയാൽ നമ്മൾ പരാജയപ്പെടും. എല്ലാവരും നമ്മെക്കുറിച്ച് നല്ലത് പറയും എന്ന് ആരും പ്രതീക്ഷിക്കരുത്. അത് പോലെ എല്ലാവർക്കും ചീത്ത അഭിപ്രായമാണെന്നും കരുതേണ്ട. നല്ല കാര്യങ്ങൾ ആരും ഉറക്കെ പറയില്ല, യേശു നല്ലവനാണെന്ന് അഭിപ്രായമുള്ളവർ യഹൂദൻമാരെ പേടിച്ച് അക്കാര്യം ഉറക്കെ പറഞ്ഞില്ല. എത്ര നല്ല കാര്യം ചെയ്താലും ആളുകൾ അതൊന്നും പറഞ്ഞെന്ന് വരില്ല. എന്നാൽ ചീത്തക്കാര്യം വാസ്തവമല്ലെങ്കിൽ പോലും ഉറക്കെ പറഞ്ഞു നടക്കും.

ആളുകൾ നമ്മെക്കുറിച്ച് സംസാരിക്കുന്നുണ്ട് എന്ന ബോധം ഉള്ളത് നല്ലതാണ്. എന്നാൽ മനുഷ്യരുടെ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടി മുഖം മൂടി ധരിച്ച് നടക്കരുത്. മനുഷ്യ മുഖം നോക്കാതെ ദൈവമുഖം അന്വേഷിക്കുക. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചതുമില്ല. ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വർഗപിതാവിന്റെ അംഗീകാരമാണ് ഏറ്റവും വലിയത്.

അഞ്ച്. എതിരാളികൾ പോലും ആശ്ചര്യപ്പെടുന്ന ശുശ്രൂഷ.

""പെരുന്നാൾ പാതി കഴിഞ്ഞ ശേഷം യേശു ദേവാലയത്തിൽ ചെന്ന് ഉപദേശിച്ചു. വിദ്യഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നത് എങ്ങനെ എന്ന് യഹൂദൻമാർ പറഞ്ഞ് ആശ്ചര്യപ്പെട്ടു."""(7.14,15).

എന്തെല്ലാം എതിരഭിപ്രായം ഉണ്ടായിരുന്നാലും യേശുവിന്റെ ഉപദേശം എതിരാളികൾക്ക് പോലും ആശ്ചര്യമായിരുന്നു, അതെ, മേൽപ്പറഞ്ഞ ഒരു പോരാട്ടത്തിന് പോലും യേശുവിന്റെ ഉപദേശത്തിനൊ ശുശ്രൂഷയ്ക്കോ മങ്ങലേൽപ്പിക്കാൻ കഴിഞ്ഞില്ല. അത് ആശ്ചര്യമായ ശുശ്രൂഷയായിരുന്നു. എന്താണതിന്റെ കാരണം. യേശു പറഞ്ഞു. എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രെ. സ്വയത്തിൽ നിന്ന് സംസാരിക്കുന്നവൻ സ്വന്ത മഹത്വം അന്വേഷിക്കുന്നു. എന്നാൽ തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു. അവനിൽ നീതികേടില്ല.

പോരാട്ടങ്ങളുടെ പേരിൽ ശുശ്രൂഷ മങ്ങിപ്പോകരുത്. സ്വയത്തിൽ നിന്ന് ശുശ്രൂഷിക്കരുത്. ദൈവം ഏൽപ്പിച്ചത് ശുശ്രൂഷിക്കുമ്പോൾ ദൈവനാമം മഹത്വപ്പെടും. അത് എതിരാളികളെപ്പോലും ആശ്ചര്യപ്പെടുത്തും. അതാണ് നീതികേടില്ലാത്ത സത്യമുള്ള ശുശ്രൂഷ.

# വിദ്യാഭ്യാസ സഹായ വിതരണം

ചെറുവക്കൽ: ഐ.പി.സി. വേങ്ങൂർ സെന്റർ സ്പോൺസർ മിനിസ്റ്റർ പാസ്റ്റർ സ്റ്റീഫൻ എബ്രഹാം, നൈജീരിയയുടെ സഹായത്താൽ ഈ വർഷവും ഐ. പി. സി. വേങ്ങൂർ, നിലമേൽ സെന്ററുകളിലെയും കിളിമാനൂർ ഏരിയായിലെയും 85–ൽ അധികം കർതൃദാസന്മാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം വിതരണം നടത്തുവാൻ ഇടയായി. മെയ്മാസം 26–ാം തീയതി അസുരമംഗലം സഭയിൽ നടന്ന മാസയോഗാനന്തരം കൂടിയ സമ്മേളനത്തിൽ വച്ച് വേങ്ങൂർ സെന്റർ ട്രഷറർ സുവിശേഷകൻ ജെ. ജോൺസന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ബ്രദർ സാം സി. ഡാനിയേൽ വിതരണോദ്ഘാടനം നടത്തി. പാസ്റ്റർ ബിനുമോൻ എം., പാസ്റ്റർ പ്രസന്നൻ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ കെ.ഷാജി, പാസ്റ്റർ ജിനു ജോൺ, പാസ്റ്റർ ജോൺസൺ എ. എന്നിവർ നേതൃത്വം നൽകി.

## ഐ.പി.സി. നെടുമ്പാശ്ശേരി ഏരിയായ്ക്ക് പുതിയ ഭാരവാഹികൾ

നെടുമ്പാശ്ശേരി: ഐ.പി.സി. നെടുമ്പാശ്ശേരി ഏരിയ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ സണ്ണി മാത്യു (പ്രസിഡന്റ്), ഇവാ. ഷൈൻ ചെറിയാൻ (വൈസ് പ്രസിഡന്റ്), ഇവാ. ഡിനോ എം ഡേവിഡ് (സെക്രട്ടറി), ബ്രദർ ലിജി വി പോൾ (ജോ. സെക്രട്ടറി), ബ്രദർ ബെന്നി പി. എ. (ട്രഷറർ), ഇവാ. കെ. എൽ. ജോസഫ്, ബ്രദർ റ്റി. ജെ. ജോൺസൺ (കമ്മിറ്റി അംഗങ്ങൾ)

സണ്ടേസ്കൂൾ ഭാരവാഹികളായി പാസ്റ്റർ കെ.എ. ജോയി (സൂപ്രണ്ട്), ബ്രദർ അഖിൽ സി. സണ്ണി (സെക്രട്ടറി), ഇവാ. ഷൈൻ ചെറിയാൻ (ട്രഷറർ), ബ്രദർ എം. എൽ. ജോസ്, എം. കെ. ബേബി എന്നിവരെ കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.

പി.വൈ.പി.എ ഭാരവാഹികളായി ഇവാ. പ്രെയിസൺ ചെറിയാൻ (പ്രസിഡന്റ്), ബ്രദർ എം. എൽ.ജോസ് (വൈസ് പ്രസിഡന്റ്), ബ്രദർ സാം സി. സണ്ണി (സെക്രട്ടറി), ബ്രദർ സാൻജോ ജോസ് (ട്രഷറർ), ഇവാ. ഡിനോ എം ഡേവിഡ് (കമ്മറ്റി മെമ്പർ)

ഇവാഞ്ചലിസം ബോർഡ് ഭാരവാഹികളായി പാസ്റ്റർ റ്റി.എം. മാത്യു (പ്രസിഡന്റ്), ഇവാ. പ്രെയിസൺ ചെറിയാൻ (സെക്രട്ടറി), ഇവാ. കെ.എൽ.ജോസഫ് (ട്രഷറർ), പാസ്റ്റർ കെ. എ. ജോയി, പാസ്റ്റർ എം.രാജൻ എന്നിവരെ കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.

## സുവിശേഷത്തിന്റെ ശക്തി

പേജ് 5ന്റെ തുടർച്ച...

ചെയ്ത സുവിശേഷ പ്രസംഗം ആ ഭവനത്തിൽ കുടിയിരുന്നവർ മുഴുവൻ വിശ്വാസത്തിൽ വരുവാൻ കാരണമായി. ഫിലിപ്പോസിലൂടെ സുവിശേഷം കേട്ട എത്യോപ്യയിലെ മന്ത്രി ഷണ്ഡൻ രക്ഷിക്കപ്പെട്ടു സ്നാനം ഏറ്റു. ശമര്യയിൽ അനേകർ വിശ്വാസത്തിലേക്ക് വന്നു.

ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ മുഴങ്ങി കേൾക്കുന്ന പ്രസംഗം സുവിശേഷം ആണ്. രണ്ടായിരം വർഷം ആയിട്ടും സുവിശേഷത്തിന്റെ ശക്തി ഒട്ടും കുറഞ്ഞു പോയില്ല. ഇന്നും ഓരോ ദിവസവും സുവിശേഷത്താൽ വിവിധ ജാതി മതസ്ഥരായ ശരാശരി ഒരു ലക്ഷം പേർ രക്ഷിക്കപ്പെടുന്നതായി അറിയുന്നു. യേശുക്രിസ്തു ശിഷ്യന്മാരോടു നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികൾ ആകുവിൻ എന്നു പറഞ്ഞു. ഉയർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുവാനുള്ള കല്പനയാണ് യേശുക്രിസ്തു അവർക്ക് നൽകിയത്. ഉയർത്തെഴുന്നേറ്റ യേശു കല്പിച്ചു "അവൻ അവരോട്, നിങ്ങൾക്ക് ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (നിങ്ങളുടെ പ്രസംഗം കേട്ട്) വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മാർക്കൊ. 16:16). സുവിശേഷം വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും മരണകരമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല" രോഗികളുടെ മേൽ കൈവച്ചാൽ അവർക്ക് സൗഖ്യം വരും" (മർക്കൊ. 16:17–18).

സുവിശേഷത്തിന്റെ ശക്തിയും സ്വാധീനവും എത്ര വലുതെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. ഇന്നും സുവിശേഷ ശക്തി അതിവേഗം ഭൂലോക സീമകളിൽ വ്യാപിച്ച് കൊണ്ടിരിക്കുന്നു.

### ലക്ഷ്യബോധത്തോടെ ഉയരങ്ങളെ കീഴടക്കുക

**പാസ്റ്റർ വർഗീസ് മത്തായി**

ആയൂർ: ലക്ഷ്യബോധവും സമർപ്പണവും ദൈവവിശ്വാസവും കൊണ്ട് ഉയരങ്ങളെ കീഴടക്കാൻ കഴിയുമെന്ന് ഐ.പിസി ആയൂർ ഡിസ്ട്രിക് പ്രസിഡന്റ് പാസ്റ്റർ വർഗ്ഗീസ് മത്തായി പറഞ്ഞു. ഓടനാവട്ടം ഐ.പി.സി ഹെബ്രോൺ സഭാഹാളിൽ ജൂൺ 30 ന് കൂടിയ ആയൂർ ഡിസ്ട്രിക്ട് മാസയോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. പാസ്റ്റർ രാജൻ തോമസ് റൂർക്കി ,പാസ്റ്റർ ബിജു ബേബി, പാസ്റ്റർ കെ. റ്റി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പ്ലസ്ടുവിന് എല്ലാ വിഷയങ്ങൾക്കും എ. പ്ലസ് വാങ്ങിയ കുട്ടികളെ ബ്രദർ സാമുവേൽ യോഹന്നാൻ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

## നിത്യതയിൽ

### അമ്മയ്ക്കൊപ്പം സ്കൂട്ടറിൽ സഞ്ചരിച്ച വിദ്യാർത്ഥി കാർ ഇടിച്ചു മരിച്ചു.



കൂത്താട്ടുകുളം: ദി പെന്തെക്കോസ്ത് മിഷൻ കൂത്താട്ടുകുളം സഭാംഗവും കൃഷി വകുപ്പ് ഫസ്റ്റ് ഗ്രേഡ് ഓവർസീയർ വടകര കല്ലോലിക്കൽ പുത്തൽപുരയിൽ കെ. ജെ. സണ്ണിയുടെ മകനുമായ ജോയൽ (16) ജൂലൈ 11 ന് അപകടത്തിൽ മരിച്ചു. അമ്മയ്ക്കൊപ്പം സ്കൂട്ടറിൽ പോകുമ്പോൾ പൈറ്റകുളത്ത വച്ച് ഇവർ സഞ്ചരിച്ച സ്കൂട്ടറിൽ കാർ തട്ടുകയായിരുന്നു. റോഡിൽ തെറിച്ച് വീണ ഇരുവരെയും ഉടനെആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജോയൽ മരണമടഞ്ഞു. വഴിത്തല സെന്റ് സെബസ്റ്റ്യൻസ് ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥിയാണ്. ജോയലിന്റെ അമ്മ ജെസി പരുക്കുകളോടെ ദേവമാതാ ആശുപത്രിയിൽ ചികിത്സയിലാണ്.സഹോദരൻ ജോൺസൺ

## പെന്തെക്കോസ്തു യുവാവ് അപകടത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു.



തിരുവല്ല: ഐ.പി.സി. തിരുവല്ല സെന്ററിലെ മുലയിൽപുതവൽ പ്രാർത്ഥനാലയം സഭയുടെ സെക്രട്ടറിയും തിരുവല്ല വെസ്റ്റ് യു.പി. എഫ് കമ്മിറ്റി അംഗവുമായ എം. കെ.ശ്രീജിത്ത് (22) എം.സി.റോഡിൽ ചിങ്ങവനത്തിനടുത്ത് വച്ച് വാഹനഅപകടത്തിൽപെട്ട് നിത്യതയിൽ ചേർക്കപ്പെട്ടു. അപകടത്തിൽ പെട്ട് കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന പിതൃസഹോദരപുത്രനെകണ്ട് മടങ്ങി വരുമ്പോഴാണ് അപകടം, ബൈക്ക് ഓടിച്ചിരുന്ന സുഹൃത്തിന് നിസ്സാര പരുക്ക് ഉണ്ട്. സംസ്ക്കാരം 26.6.2018 ബുധൻ ഉച്ചകഴിഞ്ഞ് 2 മണിക്ക് കമാൻകുളത്തുള്ള സെമിത്തേരിയിൽ നടന്നു. പിതാവ്. കൃഷ്ണൻകുട്ടി (ബാബു), മാതാവ്: രാധാമണി, സഹോദരൻ: ബിജിത്ത് (അവരുടെ ഭവനത്തിലായിരന്നു സഭയുടെ ആരാധനനടന്നിരുന്നത്). പിതാവും രോഗാവസ്ഥയിൽ ഭവനത്തിൽ വിശ്രമിക്കുകയാണ്. കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുക.

### സാബു മുളകുടിയുടെ സഹോദരൻ സജി എം. എസ് നിര്യതനായി



പായിപ്പാട് : മുക്കാഞ്ഞിരം മുളക്കുടിയിൽ പരേതനായ എം. ജെ. പീറ്ററിന്റെ മകൻ സജി എം. എസ് (സാംകുട്ടി 49, ഒവർസീയർ, വെണ്ണിക്കുളം) നിര്യതനായി. സംസ്ക്കാരം ജൂലൈ 23, തിങ്കളാഴ്ച രാവിലെ ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം വാരിക്കാട് ഐ. പി.സി. ഹെബ്രോൻ സഭയുടെ പാമല സെമിത്തേരിയിൽ നടന്നു.

സഹോദരങ്ങൾ റവ. രാജീവ് എം. എസ്. (ഇബിസി, കടുത്തുരുത്തി), സാബു മുളക്കുടി (തഹസിൽദാർ)ജയോത്സവം വർഷിപ്പ സെന്റർ സജീവ അംഗവും സണ്ടേസ്കുൾ ഹെഡ്മാസ്റ്ററുമാണ്, മേരിക്കുട്ടി പീറ്റർ (ഗവ. ജില്ലാ ആശുപത്രി, പത്തനംതിട്ട), ഓമനപീറ്റർ (ന്യൂ ഇൻഡ്യ ബൈബിൾ സെമിനാരി പായിപ്പാട്).

## ഐ. പി. സി. പാലക്കാട് സൗത്ത് സെന്റർ 2018–19 ഭരണ സമിതി

എറണാകുളം: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ പാലക്കാട് സൗത്ത് സെന്റർ ജനറൽ ബോഡി– സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ. വി. ജോയിയുടെ അദ്ധ്യക്ഷതയിൽ കുടിയ യോഗത്തിൽ പുതിയ ഭാരവാഹികളെ തിരെഞ്ഞെടുത്തു.

പാസ്റ്റർ കെ. വി. ജോയ് (പ്രസിഡന്റ്) പാസ്റ്റർ പ്രദീപ് പ്രസാദ് (വൈസ് പ്രസിഡന്റ്) പാസ്റ്റർ വി. പി. ഷിജു(സെക്രട്ടറി) പാസ്റ്റർ ഇ. വി. ജോർജ്ജ് (ജോ. സെക്രട്ടറി) ബ്രദർ ജോർജ്ജ് മാത്യു (ട്രഷറാർ) പാസ്റ്റർ സജു കെ. എം. (പബ്ലിസിറ്റി) പാസ്റ്റർ അനൂപ് എ. (പ്രയർ ബോർഡ്) കൂടാതെ മറ്റ് കമ്മിറ്റി അംഗങ്ങളെയും തിരെഞ്ഞെടുത്തു.



**അന്നമ്മ ജോൺ (അമ്മിണി 80)**

ഫ്ളോറിഡ: പാസ്റ്റർ സി.കോശിയുടെ ഭാര്യ അന്നമ്മ ജോൺ (അമ്മിണി 80) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. പുന്തല താഴപ്പള്ളിൽ കുടുംബാംഗമാണ്. സംസ്കാര ശുശ്രൂഷ ജൂലൈ 12ന് ഐ.പി.സി. ലോക്ലാന്റിൽ നടക്കും. മക്കൾ ജോസ്, ജെസ്സി, മോൻസി, ഷാജി, റെജി. മരുമക്കൾ : ഡെയ്സി, അനിയച്ചൻ, ലിസി, സോഫിയ.

## ഐ.പി.സി. വെമ്പായം ഏരിയ മാസയോഗം

തിരുവന്തപുരം: ഐ.പി.സി. വെമ്പായം ഏരിയയുടെ മാസയോഗം പൗഡിക്കോണം ഐ.പി.സി. ഐ.പി.സി. മെഡിക്കൽ കോളജ് ചർച്ചിൽ വച്ച് 14.07.2018–ാം തീയതി വച്ച് നടന്നു. പാസ്റ്റർ കെ.പി. രാജൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ തോമസ് കുര്യൻ ഇവിടെ ശുശ്രൂഷിക്കുന്നു. ഈ സഭയെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ.

### ജയോത്സവം ന്യൂസ് അറിയിപ്പ്

**ജയോത്സവം ന്യൂസിന് വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, പരസ്യങ്ങൾ തുടങ്ങിയവ അയക്കുമ്പോൾ പേജ്മേക്കർ (പി.എം.ഡി) ഫയൽ അയച്ചു തരിക.**

ജയോത്സവം ന്യൂസിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, വാർത്തകൾ എന്നിവയിലെ ഉപദേശ വിഷയങ്ങൾ, വിവാദങ്ങൾ എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം അത് എഴുതുന്ന വ്യക്തികൾക്ക് മാത്രമായിരിക്കും.

**JAYOLASAVAM NEWS**
Konnanilkunnathil
TC 20/2073
Ebenezer Gardens
Kudappankunnu P.O.
Thiruvananthapuram
Kerala, India

# JAYOLSAVAM NEWS

**DATE OF PUBLISHING 20TH JULY 2018**

REGISTERED NEWS PAPER
RNI No: KERBIL/2010/31734
PostalLicence No-
KL/TV(S)/364/2016-2018
KL/TV(S)/WPP/156/2016-2018
RMS Thiruvananthapuram

**Vol- 11, Issue- 6** Thiruvananthapuram Monthly **JULY**

## ഐ.പി.സി. വെമ്പായം എരിയ പി. വൈ.പി.എ. ഭരണ സമിതി 2018–21



ഇവാ. ജെറി ജോൺ
പ്രസിഡന്റ്



ഇവാ. റെനി ജോസഫ്
വൈസ് പ്രസിഡന്റ്



പാ. ജോയി ടെറ്റസ്
വൈസ് പ്രസിഡന്റ്



ബ്രദർ സ്വരൂപ് ജി.
സെക്രട്ടറി



ഇവാ. ജോബി ചാക്കോ
ജോ. സെക്രട്ടറി



ബ്ര. മാത്യു കെ. വർഗ്ഗീസ്
ജോ. സെക്രട്ടറി



ബ്രദർ ജിബിൻ ജെ. എസ്.
ട്രഷറാർ



ഇവാ. വിനോദ്
പബ്ലിസിറ്റി




## ഒന്നാം റാങ്ക് നേടി

ഈരാറ്റുപേട്ട: എം.ജി. യൂണിവേഴ്സിറ്റി ബി.എ. ഇംഗ്ലീഷ് ഈ വർഷത്തെ പരീക്ഷയിൽ ഫേബ ഫ്രാൻസിസ് സ്റ്റഡീസ് കമ്മ്യൂണിക്കേഷൻ ആൻഡ് ലിറ്ററേച്ചറിൽ ഒന്നാം റാങ്ക് നേടി. രാമപുരം മാർ അഗസ്ഥിനോസ് കോളജ് വിദ്യാർഥ്തിയായ ഫേബ ഐപിസി ഈരാറ്റുപേട്ട സെന്ററിലെ ഐ.പി.സി. ഷെക്കേന ചോലത്തടം സഭ ശുശ്രൂഷകനായ പാസ്റ്റർ കെ.ജെ ഫ്രാൻസിസിന്റെയും ബേബി ഫ്രാൻസിസിന്റെയും മകളാണ്.



**ഫേബ ഫ്രാൻസിസ്**

*We may present every man perfect in Christ Jesus*

# JAYOLSAVAM THEOLOGICAL SEMINARY

**BENEDICT NAGAR,NALANCHIRA
THIRUVANANTHAPURAM**
**www.jayolsavam.org**




### OUR SPECIALITIES

- Recognized by IPC General Council
- Accreditation by IATA
- ATA M. Div. & B.Th.
- Qualified & Experienced Faculty
- Excellent practical training in ministry
- Well equipped library
- Hostel facilities for Men.

**M. Div., B. Th.,Dip.Th. & C. Th.
Evening batches available**

**Admission continues**

### Our Courses

| PROGRAMME | MEDIUM | DURATION | ADMISSION REQUIRMENTS |
|---|---|---|---|
| M.Div. | Engl. | 2/3 years | B. Th/ Degree |
| B. Th. | Engli. | 3 yrs | +2 Pass |
| Dip.Th. | Eng./Mal. | 2 Years | S.S.L.C. |

**M.Div. (ATA) Programme for B. Th. or Degree holders.
B.Th. (ATA) Programme for Plus Two Pass**

**Scholarship available for Residential Program**



Pr. K. C. Thomas
Patron



Pr. Daniel Konnanilkkunnathil
Director



Rev. Nebu Mathson
Principal



Rev. Jerry John
Registrar



Mr. Felix William
Administrator

For further Information

**Director
Jayolsavam Theological Seminary
Post Box - 853, Kowdiar P.O.,
Trivandrum- 695003
Ph:9526952121,9447868368
Email:jayolsavamts@gmail.com**

Design: ajikattakkada@9895521191

Printed, Published, Edited & Owned by Daniel K. Jacob, Konnanilkunnathil, KP 3/414, Ebenezer Gardens, Kudappanakunnu P.O., Thiruvananthapuram - 695043, Kerala, India. Design & Layout: AjiKumar Kattakkada, Printed at Cochin Printech Pvt. Ltd., Udyogamandal P.O., Eloor, Cochin-683 501.